‘വികേന്ദ്രീകൃതാസൂത്രണവും വ്യവസായ-തൊഴിൽ സംരംഭങ്ങളും’ എന്ന വിഷയത്തെ ആസ്പദമാക്കി പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിൽ നടത്തിയ പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട്.

# ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്
# പത്തനംതിട്ട





## ‘വികേന്ദ്രീകൃതാസൂത്രണവും വ്യവസായ-തൊഴിൽ സംരംഭങ്ങളും’ എന്ന വിഷയത്തെ ആസ്പദമാക്കി പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിൽ നടത്തിയ പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട്.

| | | |
|---|---|---|
| അവലോകന കാലയളവ് | : | 1.4.10 മുതൽ 31.3.13 വരെ |
| അവലോകനം നടത്തുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. എസ്. മുരളീധരൻ നായർ, ഡെപ്യൂട്ടി ഡയറക്ടർ |
| അവലോകനം നടത്തിയ ഉദ്യോഗസ്ഥരുടെ വിവരം | : | ശ്രീ.സി.അനിൽകുമാർ (ഓഡിറ്റ് ഓഫീസർ)<br>ശ്രീ. കെ. ആർ. മഹേഷ് കുമാർ (സീനിയർ ഗ്രേഡ് ഓഡിറ്റർ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 15.10.2013 മുതൽ 23.10.2013 വരെ. |

LOCAL FUND AUDIT DEPARTMENT

**ഓഡിറ്റിന്റെ വ്യാപ്തി :-**

വികേന്ദ്രീകൃതാസൂത്രണവും വ്യവസായ-തൊഴിൽ സംരംഭങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിൽ 3 വർഷങ്ങളിലായി (2010-11, 2011-12, 2012-13) നടത്തിയ പ്രവർത്തനം സമഗ്രമായി അവലോകനം നടത്തുകയുണ്ടായി.

**ഓഡിറ്റ് ലക്ഷ്യങ്ങൾ :-**

ചെറുകിട-പരമ്പരാഗത വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനും വികസനത്തിനും പഞ്ചായത്ത് രാജ് നിയമങ്ങൾ അനുശാസിക്കും വിധം ചുമതലകൾ തദ്ദേശഭരണ സ്ഥാപനം നിറവേറ്റിയോ? പരമ്പരാഗത വ്യവസായങ്ങൾ, തൊഴിൽ സംരംഭങ്ങൾ എന്നിവ സംബന്ധിച്ച വിവരശേഖരണം, സാധ്യത പഠനം എന്നിവ നടത്തിയിട്ടുണ്ടോ?, വ്യവസായ സംരംഭങ്ങൾക്കും തൊഴിൽ സംരംഭകർക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ തദ്ദേശ സ്ഥാപനം വിജയിച്ചിട്ടുണ്ടോ?,കുടുംബശ്രീ/സ്വയം സഹായ സംഘങ്ങൾ വഴി സൂക്ഷ്മ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ തദ്ദേശ ഭരണ സ്ഥാപനത്തിനു കഴിഞ്ഞിട്ടുണ്ടോ?, വ്യവസായ തൊഴിൽ സംരംഭങ്ങൾക്കുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടാതെ നിലനിൽക്കുന്നുണ്ടോ?, സ്ഥാപനം അടച്ചുപൂട്ടിയതുമൂലം പാഴ്ചെലവുണ്ടായോ?, വ്യവസായ-തൊഴിൽ സംരംഭങ്ങളുടെ വളർച്ചയ്ക്ക് തടസ്സം നിൽക്കുന്ന ഘടകങ്ങളുണ്ടോ?, തൊഴിൽ പരിശീലനം/സംരംഭക പരിശീലനം തുടങ്ങിയവ ഫലപ്രദമായിരുന്നോ ?, പദ്ധതി മാർഗ്ഗരേഖകളും സർക്കാർ ഉത്തരവുകളും ലംഘിച്ചുകൊണ്ട് വ്യവസായ-തൊഴിൽ സംരംഭ പ്രൊജക്ടുകൾ നടപ്പാക്കിയോ?, മാതൃകാപരമായി പ്രവർത്തിക്കുന്ന തൊഴിൽ യൂണിറ്റുകൾ - സംരംഭങ്ങളുണ്ടോ?, - ഈ വക കാര്യങ്ങൾ സമഗ്രമായി പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നു.


**ഓഡിറ്റ് മാനദണ്ഡങ്ങൾ**

1. കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ് 1-ാം ഉപവകുപ്പ് 4-ാം പട്ടിക പ്രകാരം ചെറുകിട വ്യവസായം എന്ന മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിനു നിക്ഷിപ്തമായ ചുമതലകൾ.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 11-ാം പഞ്ചവൽസര പദ്ധതിയിൽ സബ്സിഡി മാനദണ്ഡങ്ങളും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ(സർക്കാർ ഉത്തരവ് (എം.എസ്) 183/07/ത.സ്വ.ഭ.വ. തീ.24.07.07)
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 12-ാം പഞ്ചവൽസര പദ്ധതിയിൽ സബ്സിഡി മാനദണ്ഡങ്ങളും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ(സർക്കാർ ഉത്തരവ് (എം.എസ്) 248/12/ത.സ്വ.ഭ.വ. തീ.29.09.12)

## ഇലന്തൂർബ്ലോക്ക് ഗ്രാമപഞ്ചായത്ത് – പൊതു വിവരം

| | |
|---|---|
| പഞ്ചായത്തുകൾ | 1. ചെന്നീർക്കര ഗ്രാമപഞ്ചായത്ത്<br>2. ചെറുകോൽ ഗ്രാമപഞ്ചായത്ത്<br>3. ഇലന്തൂർ ഗ്രാമപഞ്ചായത്ത്<br>4. 5കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്<br>5. മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്<br>6. നാരാങ്ങാനം ഗ്രാമപഞ്ചായത്ത്<br>7. ഓമല്ലൂർ ഗ്രാമപഞ്ചായത്ത് |
| വിസ്തൃതി | : 106.22 ച.കി.മീ. |
| ആകെ ജനസംഖ്യ | : 108255 |
| പുരുഷന്മാർ | : 51041 |
| സ്ത്രീകൾ | : 57214 |
| പട്ടികജാതി | : 14032 |
| പട്ടികവർഗ്ഗം | : 225 |
| താലൂക്ക് | : കോഴഞ്ചേരി, റാന്നി |
| ജില്ലാ പഞ്ചായത്ത് | : പത്തനംതിട്ട |
| നിയമസഭാ മണ്ഡലം | : ആറന്മുള |
| ലോക്സഭ മണ്ഡലം | : പത്തനംതിട്ട |
| അതിരുകൾ | |
| വടക്ക് | : പമ്പാ നദി |
| കിഴക്ക് | : പത്തനംതിട്ട മുനിസിപ്പാലിറ്റി |
| തെക്ക് | : അച്ചൻ കോവിൽ നദി |
| പടിഞ്ഞാറ് | : ആറന്മുള, മെഴുവേലി, കുളനട ഗ്രാമപഞ്ചായത്തുകൾ |

LOCAL FUND AUDIT DEPARTMENT



**ആമുഖം**

വ്യവസായപരമായും ചെറുകിട തൊഴിൽ സംബന്ധിച്ചും ഏറെ പിന്നിൽ നിൽക്കുന്നതാണ് ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്. സ്വകാര്യ മേഖലയിൽ ഏകദേശം 280 ഓളം ചെറുകിട വ്യവസായ, ഉത്പാദന, സേവന സംരംഭങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ നിലനിൽക്കുന്നതായി വ്യവസായ വികസന ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ വ്യാവസായിക ചെറുകിട തൊഴിൽ സംരംഭങ്ങൾ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിൽ നാളിതുവരെ സാധ്യതാപഠനങ്ങൾ ഒന്നുംതന്നെ നടത്തിയിട്ടില്ല.

പത്താം പഞ്ചവത്സര പദ്ധതിയായ കേരളവികസന പദ്ധതി മുതലാണ് ആദ്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിന് സർക്കാർ നിർദ്ദേശം ലഭിച്ചത്. കാർഷിക മേഖലയിലും പരമ്പരാഗത ചെറുകിട വ്യവസായ മേഖലയിലും ഉത്പാദന വർദ്ധനവ്, കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കൽ, പ്രകൃതി വിഭവ മാനേജ്മെന്റ് തുടങ്ങിയവയ്ക്ക് പ്രസ്തുത പദ്ധതിയിൽ ഊന്നൽ നൽകിയിരുന്നു. ഒമ്പതും പത്തും പഞ്ചവത്സര പദ്ധതികളുടെ നടത്തിപ്പിൽ അനുഭവപ്പെട്ട ന്യൂനതകൾ പരിഹരിച്ച് വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയ സുസ്ഥിരമാക്കുന്നതിനാണ് പതിനൊന്നാം പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ദരിദ്ര ജനവിഭാഗങ്ങൾക്ക് മുൻഗണന നൽകി പ്രാദേശിക സാമ്പത്തിക വികസനം കൈവരിക്കുന്നതിനും ഉത്പാദന മേഖലയിൽ കൃഷി പുനരുദ്ധാരണത്തിനും ചെറുകിട വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിന് പതിനൊന്നാം പദ്ധതിയിൽ സർക്കാർ നിർദ്ദേശിച്ചിരുന്നു.

12-ാം പദ്ധതിയുടെ മാർഗ്ഗനിർദ്ദേശത്തിൽ ഉത്പാദന മേഖലയുടെ സ്ഥായിയായ വളർച്ചയ്ക്കാണ് മുൻഗണന നൽകിയിരിക്കുന്നത്. ഭക്ഷ്യവിളകൾ, പാൽ, മുട്ട, മാംസം, മത്സ്യം എന്നിവയുടെ ഉത്പാദനം മെച്ചപ്പെടുത്തുന്നതിനും ഉത്പന്നങ്ങളുടെ സംസ്കരണം, വിപണനം എന്നീ സംവിധാനങ്ങളിലും തദ്ദേശ സ്ഥാപനങ്ങൾ മുന്തിയ പരിഗണന നൽകണമെന്നും നിർദ്ദേശമുണ്ട്. സാമൂഹിക നീതി ഉറപ്പു വരുത്തുന്നതിനായി പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിൽ പരമ്പരാഗത തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പദ്ധതി ആവിഷ്കരിക്കുമ്പോൾ പ്രത്യേക പരിഗണന നൽകണമെന്നും സർക്കാർ ഉത്തരവ് ((എം.എസ്) നമ്പർ 168/12/തസ്വഭവ) വ്യക്തമാക്കിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായ ചുമതലകൾ കൂടാതെ, സർക്കാർ പ്രത്യേകമായി ഏൽപിച്ച ചുമതലകൾ നിറവേറ്റുന്നതിനുവേണ്ടിയാണ് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്. കേരള പഞ്ചായത്ത് രാജ് ആക്ട് 172/-ാം വകുപ്പ് 1-ാം ഉപവകുപ്പ് 4-ാം പട്ടിക പ്രകാരം ചെറുകിട വ്യവസായം എന്ന മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന് നിക്ഷിപ്തമായ ചുമതല 1) മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക, 2) എസ് എസ് ഐ യുടെ മൂന്നിലൊന്ന് നിക്ഷേപ പരിധിയോടു കൂടിയുള്ള വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക 3) വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക തുടങ്ങിയവയാണ്. ദാരിദ്ര്യനിർമ്മാജ്ജനത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് തൊഴിൽ സുരക്ഷാ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക, പാവപ്പെട്ടവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള അഭിരുചി വർദ്ധിപ്പിക്കുന്നതിനും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് വേതനത്തോടു കൂടിയ തൊഴിൽ നൽകുകയും ചെയ്യുക തുടങ്ങിയ ചുമതലകളാണ് നിർവ്വഹിക്കേണ്ടത്.

ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് ഓരോ വർഷവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസനപ്രവർത്തനങ്ങളുടെ ഭാഗമായി ആവിഷ്കരിക്കുന്ന പദ്ധതികളിൽ ഉത്പാദന മേഖലയ്ക്ക് നൽകുന്ന പരിഗണന വളരെ കുറവാണ്. പതിനൊന്നാം പദ്ധതിയിലും പന്ത്രണ്ടാം പദ്ധതിയുടെ ആദ്യവർഷവും ഉത്പാദന മേഖലയിൽ ചെറുകിട വ്യവസായത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത് നാമമാത്രമാണ്. ജില്ലാ പഞ്ചായത്ത് നടപ്പാക്കാനുദ്ദേശിച്ചിരുന്ന മധുരം തേൻ പദ്ധതിക്കു വേണ്ടി ബ്ലോക്ക് തലത്തിൽ സംസ്കരണ പ്ലാന്റ് നിർമ്മിക്കു

ന്നതിനായി 2008-09 ൽ ജില്ലാ പഞ്ചായത്തിന് 6 ലക്ഷം രൂപ നൽകിയിരുന്നു. പ്രസ്തുത പദ്ധതി ഉപേക്ഷിച്ചതുമൂലം ചെറുകിട വ്യവസായ മേഖലയിൽ പ്ലാന്റ് യാഥാർത്ഥ്യമായില്ല.

സ്വയം തൊഴിൽ സംരംഭങ്ങളുടെ ഭാഗമായി ഏതാനും പരിശീലന പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുണ്ട്. വികസനം എന്നാൽ പശ്ചാത്തല വികസനം മാത്രമാണെന്ന് ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി ആസൂത്രണം വിശകലനം ചെയ്താൽ മനസ്സിലാകുന്നത്.

മേഖലാടിസ്ഥാനത്തിൽ ഉത്പാദന മേഖലയിൽ കൃഷി, ചെറുകിട ജലസേചന, മൃഗസംരക്ഷണവും ക്ഷീരോത്പാദനവും, മത്സ്യബന്ധനം, ചെറുകിട വ്യവസായം, ഊർജ്ജസംരക്ഷണം, തുടങ്ങിയ പദ്ധതികളാണ് ഏറ്റെടുക്കേണ്ടത്. ഉത്പാദന മേഖലയിൽ ചെറുകിട വ്യവസായമൊഴിച്ചുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും പരമ്പരാഗത കുടിൽ വ്യവസായം, ചെറുകിട വ്യവസായം, പരമ്പരാഗത തൊഴിലുകൾ എന്നിവയെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നില്ല.

നിയമപ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും തദ്ദേശ ഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടില്ലാത്തതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന് വകുപ്പുതലത്തിൽപ്പെട്ട 10-ാം ക്ലാസ്സ് പാസ്സായ വിദ്യാർത്ഥികൾക്ക് ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ കോഴ്സിന് ചേരുന്നതിന് ധനസഹായം നൽകുന്നതിന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. (ജി.ഒ.(ആർ.റ്റി)946/2010 എസ്.സി. തീയതി 3.09.2010) പ്രസ്തുത ഉത്തരവിന്റെ മറവിൽ ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ കോഴ്സ് നടത്തുന്നതിന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് (KILE) എന്ന സ്ഥാപനത്തിന് ലക്ഷക്കണക്കിന് രൂപ നൽകിയിട്ടുണ്ട്.

പതിനൊന്നാം പദ്ധതി മാർഗ്ഗരേഖയിൽ പരിശീലന പരിപാടി, സ്വയം തൊഴിൽ സംരംഭത്തിന്റെ ഭാഗമായോ വേതന തൊഴിൽ ലഭിക്കുമെന്ന് ഉറപ്പു വരുത്തുന്ന മേഖലകളിലോ മാത്രമായി പരിമിതപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഡിപ്ലോമ കോഴ്സുകൾ ഏറ്റെടുക്കുവാൻ പദ്ധതി മാർഗ്ഗനിർദ്ദേശത്തിൽ പറഞ്ഞിട്ടുമില്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായി പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത് തികച്ചും ഗൗരവം അർഹിക്കുന്ന കാര്യമാണ്.

LOCAL FUND AUDIT DEPARTMENT

## ഉള്ളടക്കം


| | | |
|---|---|---|
| 1 | 11,12 പദ്ധതി കാലയളവിൽ ആവിഷ്കരിച്ച വ്യവസായ - തൊഴിൽ സംരംഭ പദ്ധതികളുടെ വിശദാംശങ്ങൾ | 6 |
| 2 | പദ്ധതികളുടെ വർഷം തിരിച്ചുള്ള ചെലവു കണക്കുകൾ | 9 |
| 3 | ആകെ പ്രൊജക്ടുകളും ചെറുകിട വ്യവസായ സ്വയം തൊഴിൽ സംരംഭമേഖലയിലെ പ്രൊജക്ടുകളും സംബന്ധിച്ച് | 10 |
| 4 | വ്യവസായ സ്വയംതൊഴിൽ സംരംഭവും ഉത്പാദന -സേവന മേഖലയും | 11 |
| 5 | ചെറുകിട പരമ്പരാഗത വ്യവസായങ്ങൾ, തൊഴിൽ സംരംഭങ്ങൾ എന്നിവ സംബന്ധിച്ച സാധ്യത പഠനം നടത്തിയിട്ടില്ല. | 13 |
| 6 | വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിച്ചിട്ടില്ല | 13 |
| 7 | എസ് ജി എസ് വൈ സംരംഭങ്ങൾ | 13 |
| 8 | മാതൃകാപരമായി പ്രവർത്തിക്കുന്ന തൊഴിൽസംരംഭങ്ങൾ | 16 |
| 9 | എസ് ജി എസ് വൈ ട്രയിനിംഗ് സെന്റർ നിർമ്മാണം പുരോഗതിയിൽ | 18 |
| 10 | ചെറുകോൽ ഗ്രാമപഞ്ചായത്തിൽ മാർക്കറ്റ് വിപണന കേന്ദ്രത്തിനായി ചെലവഴിച്ച 6.7 ലക്ഷം രൂപ പാഴ്ചെലവായി | 19 |
| 11 | ചെന്നീർക്കര ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച വിപണന കേന്ദ്രം ഉദ്ദേശ ലക്ഷ്യം കൈവരിച്ചിട്ടില്ല. ചെലവ് 3.87 ലക്ഷം. | 20 |
| 12 | നാരങ്ങാനം എസ് എച്ച് ജി വിപണനകേന്ദ്രം നിർമ്മാണം ഉപേക്ഷിച്ചു | 21 |
| 13 | എസ് എച്ച് ജി - പശു വളർത്തൽ - 5 വർഷമായിട്ടും വായ്പ അവശേഷിക്കുന്നു. | 21 |
| 14 | സമഗ്രതേനുല്പാദനം-സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനായി ജില്ലാ പഞ്ചായത്തിനു നൽകിയ തുക ഫലവത്തായില്ല. | 22 |
| 15 | തൊഴിൽ പരിശീലനങ്ങളുടെ വിശകലനം | 22 |
| 16 | ഡ്രൈവിംഗ് പരിശീലനം - സ്വയം തൊഴിൽ സംരംഭത്തിനായി തുടർ പദ്ധതികൾ ആവിഷ്ക്കരിക്കുകയോ വേതന തൊഴിൽ ലഭിച്ചെന്ന് ഉറപ്പു വരുത്തുകയോ ചെയ്യുന്നില്ല | 24 |
| 17 | പേപ്പർ ബാഗ് നിർമ്മാണം - പരിശീലനം നടന്നിട്ടും യൂണിറ്റ് ആരംഭിച്ചില്ല. | 25 |
| 18 | വെബ് ഡിസൈൻ ആന്റ് ഡെവലപ്മെന്റ് പരിശീലനം - പരിശീലനം ലഭിച്ചവർക്ക് തൊഴിൽ ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിനായി തുടർ നിരീക്ഷണമില്ല | 26 |
| 19 | പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ കോഴ്സ് സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനം | 28 |
| 20 | യുവതികൾക്ക് കമ്പ്യൂട്ടർ പരിശീലനം | 30 |
| 21 | ഓഡിറ്റ് നിഗമനങ്ങൾ | 32 |
| 22 | ഓഡിറ്റ് നിർദ്ദേശങ്ങൾ/അഭിപ്രായങ്ങൾ | 33 |


LOCAL FUND AUDIT DEPARTMENT

## 1. 11,12 പദ്ധതി കാലയളവിൽ ആവിഷ്കരിച്ച വ്യവസായ - തൊഴിൽ സംരംഭ പദ്ധതികളുടെ വിശദാംശങ്ങൾ

11-ാം പദ്ധതിയിലും (2007-08 മുതൽ 2011-12 വരെ) 12-ാം പദ്ധതിയുടെ ആദ്യ വർഷവും (2012-13) ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച ചെറുകിട വ്യവസായ-തൊഴിൽ സംരംഭങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | പ്രൊജക്ടിന്റെ പേര് | വകയിരുത്തിയ തുക | പൊതു വിഭാഗം/ എസ് സി പി/ റ്റി എസ് പി/വനിത ഘടക പദ്ധതി | ചെലവഴിച്ച തുക | പ്രൊജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2007-08 | 5/07-08 കമ്പ്യൂട്ടർ പരിശീലനം | 150000 | പൊതുവിഭാഗം | 140000 | 100 കുട്ടികൾക്ക് ട്രെയിനിംഗ് നൽകി |
| 2 | 2007-08 | 28/07-08 പേപ്പർ ബാഗ് നിർമ്മാണം | 70000 | എസ് സി പി | 0 | നടപ്പായില്ല |
| 3 | 2007-08 | 8 പട്ടികജാതി വനിതകൾക്ക് 3 വീൽ ഡ്രൈവിംഗ് പരിശീലനം (51/07-08) | 25000 | എസ് സി പി | 0 | നടപ്പായില്ല |
| 4 | 2007-08 | ചെറുകോൽ ഡിവിഷനിലെ എസ് സി പി യുവാക്കൾക്ക് 4-വീൽ പരിശീലനം (എസ് 55/ 07-08) | 40000 | എസ് സി പി | 0 | നടപ്പായില്ല |
| 5 | 2007-08 | യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം (എസ് 56/07-08) | 129087 | എസ് സി പി | 44000 | 26 പേർക്ക് പരിശീലനം നൽകി |
| 6 | 2008-09 | 17/08-09 സമഗ്ര തേനുല്പാദനം | 600000 | പൊതുവിഭാഗം | 600000 | പദ്ധതി പാതിവഴിയിൽ ജില്ലാ പഞ്ചായത്ത് ഉപേക്ഷിച്ചു |
| 7 | 2008-09 | 21/08-09 വനിത എസ് എച്ച് ജി കൾക്ക് പശു വളർത്തൽ | പ്ലാൻ: 125000 ലോൺ: 125000 ------- | പൊതുവിഭാഗം | 120000 | 143442/- രൂപ വായ്പയിനത്തിൽ അവശേഷിക്കുന്നു. |

LOCAL FUND AUDIT DEPARTMENT

| | | | | | | |
|---|---|---|---|---|---|---|
| | | | 250000 | | | |
| 8 | 2008-09 | 23/08-09 എസ് ജി എസ് വൈ വിപണന മേള | 10000 | പൊതുവിഭാഗം | 10000 | SGSY വിപണന മേള നടത്തി |
| 9 | 2008-09 | 24/08-09 നാരങ്ങാനം ഡിവിഷൻ വനിത എസ് എച്ച് ജി കൾക്ക് പേപ്പർ, തുണി, ക്യാരി ബാഗ് നിർമ്മാണ യൂണിറ്റ് | പ്ലാൻ: 100000 ലോൺ: 100000 ------- 200000 | പൊതുവിഭാഗം | 0 | നടപ്പാക്കിയില്ല |
| 10 | 2008-09 | 2/08-09 പേപ്പർ ബാഗ് നിർമ്മാണം | 70000 | പൊതുവിഭാഗം | 70000 | 20 എസ് സി വനിതകൾക്ക് പരിശീലനം ലഭിച്ചെങ്കിലും യൂണിറ്റ് ആരംഭിച്ചില്ല. |
| 11 | 2008-09 | 4/08-09 8 പട്ടികജാതി വനിതകൾക്ക് 3-വീലർ പരിശീലനം | 25000 | എസ് സി പി | 12400 | 4 പേർക്ക് പരിശീലനം നൽകി |
| 12 | 2008-09 | 5/08-09 ചെറുകോൽ ഡിവിഷനിൽ പട്ടികജാതി യുവാക്കൾക്ക് 4-വീൽ പരിശീലനം | 40000 | എസ് സി പി | 0 | നടപ്പാക്കിയില്ല |
| 13 | 2008-09 (സ്പിൽ ഓവർ) | 6/08-09 യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം | 85087 | എസ് സി പി | 59870 | 26 പേർക്ക് പരിശീലനം നൽകി |
| 14 | 2009-10 | 24/09-10 ചെറുകോൽ പഞ്ചായത്തിൽ മാർക്കറ്റ് വിപണന കേന്ദ്രം | 600000 | പൊതുവിഭാഗം | 0 | പദ്ധതി നടപ്പായില്ല |
| 15 | 2009-10 | 26/09-10 നാരങ്ങാനം എസ് എച്ച് ജികൾക്കായി വിപണന കേന്ദ്രം | 500000 | പൊതുവിഭാഗം | 100000 | പദ്ധതി നടപ്പായില്ല |
| 16 | 2009-10 | 33/09-10 എസ് ജി എസ് വൈ വിപണന മേള | 10000 | പൊതുവിഭാഗം | 0 | എസ് ജി എസ് വൈ വിപണന മേള നടത്തി |
| 17 | 2009-10 | 45/09-10 ചെന്നീർക്കര വിപണനകേന്ദ്രം | 400000 | പൊതുവിഭാഗം | 299691 | നിർമ്മാണം പൂർത്തീകരിച്ചു |

LOCAL FUND AUDIT DEPARTMENT

| | | | | | | |
|---|---|---|---|---|---|---|
| 18 | 2010-2011 | 36/10-11 എസ് ജി എസ് വൈ വിപണന മേള | 20000 | പൊതുവിഭാഗം | 16995 | എസ് ജി എസ് വൈ മേള നടത്തി |
| 19 | 2010-2011 | 60/10-11 ചെന്നീർക്കര മാർക്കറ്റ് വിപണന കേന്ദ്രം | 100309 | പൊതുവിഭാഗം | 87618 | നിർമ്മാണം പൂർത്തീകരിച്ചു |
| 20 | 2010-2011 | 72/10-11 ചെറുകോൽ പഞ്ചായത്തിൽ മാർക്കറ്റ് വിപണന കേന്ദ്രം | 660000 | പൊതുവിഭാഗം | 207790 | നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും കെട്ടിടം വെറുതെ കിടക്കുന്നു. |
| 21 | 2010-2011 | 73/10-11 നാരങ്ങാനം ഡിവിഷനിൽ എസ് എച്ച് ജികൾക്ക് വിപണനകേന്ദ്രം | 400000 | പൊതുവിഭാഗം | 0 | നടപ്പായില്ല |
| 22 | 2011-12 | 106/11-12 ചെറുകോൽ പഞ്ചായത്തിൽ മാർക്കറ്റ് വിപണ കേന്ദ്രം | പ്ലാൻ: 467210 | പൊതുവിഭാഗം | 463108 | നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും കെട്ടിടം വെറുതെ കിടക്കുന്നു. |
| 23 | 2011-12 | 137/11-12 എസ് ജി എസ് വൈ/എസ് എച്ച് ജി പരിശീൽന കേന്ദ്രം | പ്ലാൻ: 571388 കേന്ദ്ര വിഹിതം: 1213614<br><br>1725000 | വനിത ഘടക പദ്ധതി | 1460499(2013-14) ഉള്ള ചെലവ് | നിർമ്മാണം പുരോഗമിക്കുന്നു |
| 24 | 2011-12 | 127/11-12 എസ് സി പെൺകുട്ടികൾക്ക് വെബ് ഡിസൈനിംഗ് പരിശീലനം | പ്ലാൻ: 200000 തനത് ഫണ്ട്: 100000<br>-------<br>300000 | എസ് സി പി | 100000 | 14 പെൺകുട്ടികൾക്ക് പരിശീലനം നൽകി |
| 25 | 2011-12 | 144/11-12 എസ് സി വിദ്യാർത്ഥികൾക്ക് ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ കോഴ്സ് | പ്ലാൻ: 575506 തനത് ഫണ്ട്: 220874<br>-------<br>796380 | എസ് സി പി | പ്ലാൻ: 398190 | പദ്ധതി സുതാര്യമല്ല. കുട്ടികൾ സ്റ്റാർ ഹോട്ടലുകളിൽ ട്രെയിനിംഗിലാണെന്നു പറയപ്പെടുന്നു. |


LOCAL FUND AUDIT DEPARTMENT

| | | | | | | |
|---|---|---|---|---|---|---|
| 26 | 2012-13 | 66/12-13 എസ് സി പെൺകുട്ടികൾക്ക് വെബ് ഡിസൈനിംഗ് | പ്ലാൻ: 100000 തനത് ഫണ്ട്: 100000 ------- 200000 | എസ് സി പി | 100000 80000 ------- 180000 | 14 പെൺകുട്ടികൾക്ക് പരിശീലനം നൽകി |
| 27 | 2012-13 | 67/12-13 എസ് സി വിദ്യാർത്ഥികൾക്ക് ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ കോഴ്സ് | പ്ലാൻ: 177316 തനത്: 220874 ------ 398190 ======= | എസ് സി പി | 177316 128984 ------- 306300 | പദ്ധതി സുതാര്യമല്ല. കുട്ടികൾ സ്റ്റാർ ഹോട്ടലുകളിൽ ട്രെയിനിംഗിലാണെന്നു പറയപ്പെടുന്ന |

## 2. പദ്ധതികളുടെ വർഷം തിരിച്ചുള്ള ചെലവു കണക്കുകൾ

| വർഷം | വകയിരുത്തിയ പദ്ധതികളുടെ എണ്ണം | തുക | ചെലവു വന്നിട്ടുള്ള പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|---|
| 2007-08 | 5 | 774087 | 2 | 184000 |
| 2008-09 | 8 | 1255087 | 5 | 272270 |
| 2009-10 | 4 | 1510000 | 3 | 409691 |
| 2010-11 | 4 | 1180309 | 3 | 312403 |
| 2011-12 | 4 | 3288590 | 3 | 961298 |
| 2012-13 | 2 | 598190 | 2 | 486300 |
| **ആകെ** | **27** | **8606263** | **18** | **2625962** |

LOCAL FUND AUDIT DEPARTMENT





മേൽ കണക്കുകളിൽ നിന്നും ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് ചെറുകിട വ്യവസായ സ്വയം തൊഴിൽ സംരംഭ മേഖലയിൽ പദ്ധതികൾക്ക് തുക വകയിരുത്തുന്നതും നടപ്പാക്കുന്നതും കുറഞ്ഞു വരുന്നതായി കാണാം.

### 3. ആകെ പ്രൊജക്ടുകളും ചെറുകിട വ്യവസായ സ്വയം തൊഴിൽ സംരംഭമേഖലയിലെ പ്രൊജക്ടുകളും സംബന്ധിച്ച്

11,12(2007-08 മുതൽ 2012-13 വരെ) പദ്ധതി കാലയളവിലെ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി കണക്കുപ്രകാരം ആകെ നടപ്പാക്കിയ പദ്ധതികളിൽ ചെറുകിട വ്യവസായ - തൊഴിൽ മേഖല യിൽ എത്ര പദ്ധതികൾ നടപ്പാക്കി എന്നതിനെ സംബന്ധിച്ച താരതമ്യ പഠനം താഴെ കൊടു ക്കുന്നു.

| വർഷം | ആകെ പദ്ധതികൾ | | | | ചെറുകിട വ്യവസായ, സ്വയം തൊഴിൽ മേഖല യിലെ പദ്ധതികൾ | | | | |
|---|---|---|---|---|---|---|---|---|---|
| | വകയിരുത്തിയത് | | നടപ്പാക്കിയത് | | വകയിരുത്തിയത് | | നടപ്പാക്കിയത് | | % 9/5 |
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | |
| 2007-08 | 57 | 17653907 | 49 | 16063566 | 5 | 774087 | 2 | 18400 | 1.14 |
| 2008-09 | 54 | 19487485 | 43 | 7874147 | 8 | 1255087 | 5 | 272270 | 3.46 |
| 2009-10 | 54 | 25282335 | 39 | 15852550 | 4 | 1510000 | 3 | 409691 | 2.58 |
| 2010-11 | 88 | 41490716 | 52 | 29048691 | 4 | 1180309 | 3 | 312403 | 1.08 |
| 2011-12 | 134 | 40668251 | 62 | 11090077 | 4 | 3288590 | 3 | 961298 | 8.67 |
| 2012-13 | 102 | 100698032 | 91 | 16747707 | 2 | 598190 | 2 | 486300 | 2.90 |
| **ആകെ** | **489** | **245280726** | **336** | **96676738** | **27** | **8606263** | **18** | **2625962** | **3.305** |




LOCAL FUND AUDIT DEPARTMENT

ഇതിൽ നിന്നും ആകെ പദ്ധതി ചെലവിന്റെ വെറും 3.305 % മാത്രമാണ് കഴിഞ്ഞ 6 വർഷങ്ങളിലായി ചെറുകിട-വ്യവസായ-തൊഴിൽ മേഖലയിൽ ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ചത് എന്നു കാണാം. 2007-08ലും 2010-11 ലും ഇത് വെറും 1% മാത്രമാണ്. ഇതിൽ നിന്നും ചെറുകിട വ്യവസായ-സ്വയംതൊഴിൽ മേഖലയെ തദ്ദേശ ഭരണ സ്ഥാപനം പാടെ അവഗണിച്ചതായി വിലയിരുത്തുന്നു.


## 4. വ്യവസായ സ്വയംതൊഴിൽ സംരംഭവും ഉത്പാദന -സേവന മേഖലയും

11,12 പദ്ധതികാലയളവിൽ (2007-08 മുതൽ 2010-13 വരെ) ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിൽ ഉത്പാദന-സേവന മേഖലയിൽ നടപ്പാക്കിയ പദ്ധതികളും അവയിൽ എത്രയെണ്ണം ചെറുകിട വ്യവസായ സ്വയം തൊഴിൽ മേഖലയിൽ നിന്നുമുള്ളതാണെന്നതിന്റെ താരതമ്യ പഠനം ചുവടെ ചേർക്കുന്നു. പശ്ചാത്തല മേഖലയിൽ ഈ വിഷയവുമായി ബന്ധപ്പെട്ട യാതൊരു പദ്ധതികളും നടപ്പാക്കിയിട്ടില്ല.

### a) <u>ഉത്പാദന മേഖല</u>

| വർഷം | ഉത്പാദന മേഖലയിലെ ആകെ പദ്ധതികൾ | | | | ചെറുകിട വ്യവസായ, സ്വയം തൊഴിൽ മേഖലയിലെ പദ്ധതികൾ | | | | % 9/5 |
|---|---|---|---|---|---|---|---|---|---|
| | വകയിരുത്തിയത് | | നടപ്പാക്കിയത് | | വകയിരുത്തിയത് | | നടപ്പാക്കിയത് | | |
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | |
| 2007-08 | 10 | 686141 | 8 | 473728 | 1 | 140000 | 1 | 140000 | 29.55 |
| 2008-09 | 9 | 2490028 | 7 | 1640138 | 5 | 1130000 | 4 | 800000 | 48.78 |
| 2009-10 | 9 | 3395236 | 7 | 1715695 | 4 | 1510000 | 3 | 409691 | 23.88 |
| 2010-11 | 9 | 3621890 | 6 | 1911415 | 4 | 1180309 | 3 | 312403 | 16.34 |
| 2011-12 | 8 | 4220835 | 5 | 1736316 | 1 | 467210 | 1 | 463108 | 26.67 |
| 2012-13 | - | - | - | - | - | - | - | - | 0 |
| **ആകെ** | **45** | **14414130** | **33** | **7477292** | **15** | **4427519** | **12** | **2125262** | **24.20** |

LOCAL FUND AUDIT DEPARTMENT





11, 12 പദ്ധതി കാലയളവിൽ ഉത്പാദന മേഖലയിൽ ആകെ ചെലവഴിച്ചതിനെ 25% താഴെയാണ് ചെറുകിട വ്യവസായ തൊഴിൽ മേഖലയിൽ ചെലവഴിച്ചിട്ടുള്ളൂ. ഈ ചെലവ് വന്നതു തന്നെ സമഗ്ര തേനുല്പാദനം(600000/-, 2008-09), ചെറുകോൽ മാർക്കറ്റ് വിപണന കേന്ദ്രം - 670898/-, ചെന്നീർക്കര മാർക്കറ്റ് വിപണന കേന്ദ്രം - 387309/-, നാരങ്ങാനം മാർക്കറ്റ് വിപണന കേന്ദ്രം - 100000/- എന്നിവയ്ക്കുള്ള ചെലവാണ്. അതായത് ഉത്പാദന മേഖലയിൽ ചെലവഴിച്ച 2125262/- രൂപയിൽ 1758207/- രൂപയും ഈ നാലു പദ്ധതികൾക്കായിരുന്നു. ഈ 4 പദ്ധതികളും പാഴ്ചെലവായിരുന്നു. അതായത് ഉത്പാദന മേഖലയിൽ ചെറുകിട വ്യവസായ സ്വയം തൊഴിൽ മേഖലയിൽ ചെലവഴിച്ച 21.25 ലക്ഷം രൂപയിൽ 82.73% തുകയും പാഴ്ചെലവായി.

സമഗ്ര തേനുത്പാദന പദ്ധതി ജില്ലാ പഞ്ചായത്ത് പാതിവഴിയിൽ ഉപേക്ഷിച്ചിരുന്നു. (ഖ- 14 കാണുക). ചെറുകോൽ മാർക്കറ്റ് വിപണനകേന്ദ്രം പാഴ്നിർമ്മിതിയായി നശിച്ചു കിട

ക്കുന്നു (ഖ.10 കാണുക). നാരങ്ങാനം മാർക്കറ്റ് വിപണനകേന്ദ്രത്തിനായി മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ ഒരു ലക്ഷം രൂപ നാരങ്ങാനം ഗ്രാമപഞ്ചായത്ത് സ്ഥലം വിട്ടു നൽകാത്തതിനാൽ ട്രഷറിയിൽ തിരിച്ചടച്ചു. (ഖ.12 കാണുക) ഇതിൽ ചെന്നീർക്കര, ഊന്നുകൽ മാർക്കറ്റ് വിപണനകേന്ദ്രം നിർമ്മിച്ചെങ്കിലും ഉദ്ദേശ ലക്ഷ്യം കൈവരിച്ചിട്ടില്ല. (ഖ.11 കാണുക)

## b) സേവന മേഖല

| വർഷം | ആകെ പദ്ധതികൾ | | | | ചെറുകിട വ്യവസായ, സ്വയം തൊഴിൽ മേഖലയിലെ പദ്ധതികൾ | | | | |
|---|---|---|---|---|---|---|---|---|---|
| | വകയിരുത്തിയത് | | നടപ്പാക്കിയത് | | വകയിരുത്തിയത് | | നടപ്പാക്കിയത് | | % 9/5 |
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | |
| 2007-08 | 22 | 13933792 | 18 | 13297769 | 4 | 264087 | 1 | 44000 | 0.33 |
| 2008-09 | 26 | 4101460 | 19 | 1507080 | 3 | 150087 | 2 | 72270 | 4.8 |
| 2009-10 | 27 | 6594930 | 20 | 2849542 | - | - | - | - | 0 |
| 2010-11 | 43 | 6659326 | 25 | 2949316 | - | - | - | - | 0 |
| 2011-12 | 49 | 10132883 | 19 | 2036981 | 3 | 2821380 | 2 | 498190 | 24.45 |
| 2012-13 | 40 | 92303390 | 35 | 10002515 | 2 | 598190 | 2 | 486300 | 4.86 |
| **ആകെ** | **207** | **133725781** | **136** | **32643203** | **12** | **3833744** | **7** | **1100760** | **5.74** |




2007-08 ൽ 1.32 കോടി രൂപ സേവന മേഖലയിൽ ചെലവഴിച്ചപ്പോൾ ചെറുകിട വ്യവസായ സ്വയം തൊഴിൽ മേഖലയ്ക്കായി ചെലവഴിച്ചത് വെറും 44000/-രൂപ മാത്രമാണ്. അതായത് 0.33% മാത്രം. ഇതാകട്ടെ യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതിയായിരുന്നു. 2008-09 ൽ 4.8 % മാത്രം ചെലവുള്ളപ്പോൾ 2009-10 ലും 2010-11 ലും സ്വയം തൊഴിൽ പരിശീലനങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്ത് പദ്ധതിനയിൽ യാതൊരു ചെലവുമില്ല.

2011-12, 2012-13 വർഷങ്ങളിലായി പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യ ഹോട്ടൽ മനേജ്മെന്റ് ഡിപ്ലോമ കോഴ്സ് എന്ന പദ്ധതിയിൽ ഗുരുതരമായ വീഴ്ചയുള്ളതായി കണ്ടു. ഇതിനായി രണ്ടു വർഷത്തിലുമായി 7.04 ലക്ഷം രൂപ ചെലവഴിച്ചിരുന്നു. വിശദ വിവരങ്ങൾക്ക് ഖ.19 കാണുക.

LOCAL FUND AUDIT DEPARTMENT

കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ് 1-ാം ഉപവകുപ്പ് 4-ാം പട്ടിക പ്രകാരം ചെറുകിട വ്യവസായം എന്ന മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിനു നിക്ഷിപ്തമായ ചുമതലകളായ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക, എസ് എസ് ഐ ( സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസ്) യുടെ മുന്നിലൊന്ന് നിക്ഷേപ പരിധിയോടുകൂടിയുള്ള വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക, വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക എന്നിവ ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയിട്ടില്ല എന്നു വിലയിരുത്തുന്നു.

## 5. ചെറുകിട പരമ്പരാഗത വ്യവസായങ്ങൾ, തൊഴിൽ സംരംഭങ്ങൾ എന്നിവ സംബന്ധിച്ച സാധ്യത പഠനം നടത്തിയിട്ടില്ല.

ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിൽ കുടിൽ, പരമ്പരാഗത-ചെറുകിട വ്യവസായങ്ങൾ സംബന്ധിച്ച സാധ്യത പഠനം നടത്തിയിട്ടില്ല.

സംരംഭകരെ കണ്ടെത്താതെയും വ്യക്തമായ സാധ്യത പഠനം നടത്താതെയും അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ നടത്തിയത് പാഴ്ചെലവായിട്ടുണ്ട്. ഉൽപന്ന വിപണന കേന്ദ്രത്തിന് യാതൊരു സാധ്യതയുമില്ലാത്ത ചെറുകോൽ ഗ്രാമപഞ്ചായത്തിലെ വിജനമായ ഒരു സ്ഥലത്ത് കെട്ടിടം നിർമ്മിച്ചതുമൂലം 6.7 ലക്ഷം രൂപ പാഴ് ചെലവായി. കൃത്യമായ ഫീസിബിലിറ്റി സ്റ്റഡി നടത്താത്തതുമൂലമാണിത്

ചെറുകിട വ്യവസായ-തൊഴിൽ സംരംഭ യാണിറ്റുകളുടെ എണ്ണം, ഇനം, ഉപജീവനത്തിന് യൂണിറ്റുകളെ ആശ്രയിക്കുന്നവരുടെ എണ്ണം തുടങ്ങിയവ സംബന്ധിച്ച വിവര ശേഖരണം ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തു നടത്തിയിട്ടില്ല.

## 6. വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിച്ചിട്ടില്ല

ചെറുകിട വ്യവസായ സംരംഭങ്ങൾക്കും തൊഴിൽ സംരംഭങ്ങൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് വിജയിച്ചിട്ടില്ല. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിൽ തദ്ദേശ ഭരണ സ്ഥാപനം പരാജയപ്പെട്ടു

## 7. എസ് ജി എസ് വൈ സംരംഭങ്ങൾ

### a) എസ് ജി എസ് വൈ സമിതി

എസ് ജി എസ് വൈ പദ്ധതികൾ നടപ്പാക്കുന്നത് ഗ്രാമവികസന വകുപ്പ് വഴിയാണ്. ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിൽ ഗുണഭോക്താക്കളെ അംഗീകരിക്കുന്ന എസ് ജി എസ് വൈ സമിതിയുടെ ചെയർമാൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റാണ്. ബി പി എൽ ലിസ്റ്റിൽ നിന്നു ഗ്രാമസഭ തെരഞ്ഞെടുക്കുന്നവരാണ് ഗുണഭോക്താക്കൾ. സ്വയം സഹായ സംഘങ്ങളുടെ( എസ് എച്ച് ജി) പദ്ധതികൾ അതാതു പഞ്ചായത്തിലെ വി ഇ ഒ മാർ എസ് ജി എസ് വൈ സമിതിയ്ക്കു സമർപ്പിക്കുന്നു. എസ് ജി എസ് വൈ സമിതി യോഗ്യതയുള്ള പദ്ധതികൾ അംഗീകരിക്കുകയും വായ്പ നൽകുന്നതിനായി എസ് എച്ച് ജി യുടെ പ്രവർത്തനപരിധിയിലുള്ള ബാങ്കുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നു. എസ് ജി എസ് വൈ സമിതിയിൽ ബാങ്ക്/സൊസൈറ്റി പ്രതിനിധികളും ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും അംഗങ്ങളാണ്. ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിൽ 136 എസ് എച്ച് ജികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 113 എസ് എച്ച് ജികൾക്ക് വിവോൾവിംഗ് ഫണ്ടും 81 എസ് എച്ച് ജി കൾക്ക് സബ്സിഡി ആനുകൂല്യവും നൽകിയിട്ടുണ്ട്.

LOCAL FUND AUDIT DEPARTMENT

**b) റിവോൾവിംഗ് ഫണ്ട്**

2010-11, 2011-12, 2012-13 എന്നീ 3 വർഷങ്ങളിലായി യഥാക്രമം 12,11,3 സ്വയം സഹായ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ടായി 10000/- രൂപ വീതം നൽകിയിരുന്നു. രണ്ടു ഗ്രേഡിംഗിനു ശേഷമാണ് റിവോൾവിംഗ് ഫണ്ട് നൽകുന്നത്.

**c) ബാക്ക് - എൻഡ്-സബ്സിഡി**

രണ്ടു ഗ്രേഡിംഗിനു ശേഷം നന്നായി പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് ബാങ്ക് വായ്പയും അതിന്മേൽ സബ്സിഡിയും അനുവദിക്കുന്നുണ്ട്. 2010-11 ൽ 10 എസ് എച്ച് ജി കൾക്കായി 20.53 ലക്ഷം വായ്പയും 10.20 ലക്ഷം സബ്സിഡിയും 2011-12 ൽ 11 എസ് എച്ച് ജി കൾക്കായി 27.45 ലക്ഷം വായ്പയും 12.55 ലക്ഷം സബ്സിഡിയും ബാങ്കുകളിൽ നൽകിയിട്ടുണ്ട്. 2012-13 ൽ ഒരു ഗ്രൂപ്പിനും സബ്സിഡി നൽകിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

LOCAL FUND AUDIT DEPARTMENT

**2010-11**

| ക്രമ നം. | എസ് എച്ച് ജിയുടെ പേര് | വായ്പ തുക | സബ്സിഡി തുക | ബാങ്കിന്റെ പേര് | പ്രവർത്തന മേഖല |
|---|---|---|---|---|---|
| 1 | ചൈത്രം, കാരംവേലി,മല്ലപ്പുഴശ്ശേരി | 250000 | 100000 | യൂക്കോ ബാങ്ക്, മല്ലപ്പുഴശ്ശേരി | ഡയറി & അഗ്രികൾച്ചർ |
| 2 | ഗൃഹലക്ഷ്മി, ചെറുകോൽ | 325000 | 75000 | എസ് സി ബി ചെറുകോൽ | -ടി- |
| 3 | ചൈതന്യ,മധുമല, ഇലന്തൂർ | 160610 | 100000 | യൂക്കോ ബാങ്ക്, മല്ലപ്പുഴശ്ശേരി | മെറ്റൽ ക്രഷിംഗ് യൂണിറ്റ് |
| 4 | കീർത്തി, മാത്തൂർ, ചെന്നീർക്കര | 200000 | 100000 | ഫെഡറൽ ബാങ്ക്, ഊന്നുകൽ | ബേക്കറി യൂണിറ്റ് |
| 5 | തത്ത്വമസി, കാട്ടൂർ | 300000 | 100000 | ഐ ഒ ബി കീക്കൊഴൂർ | ഡയറി യൂണിറ്റ് |
| 6 | കരുണ, കടമ്മനിട്ട | 190000 | 100000 | ഫെഡറൽ ബാങ്ക്, കടമ്മനിട്ട | -ടി- |
| 7 | ഫ്രണ്ട്സ്, ചെന്നീർക്കര | 260000 | 120000 | ഐ ഒ ബി, ചെന്നീർക്കര | റബർ ടാപ്പിംഗ് |
| 8 | ചൈതന്യക്ക ഓമല്ലൂർ | 200000 | 100000 | എസ് സി ബി, ഓമല്ലൂർ | ഡയറി യൂണിറ്റ് |
| 9 | ഉദയ, മല്ലപ്പുഴശ്ശേരി | 125000 | 125000 | ഫെഡറൽ ബാങ്ക്, തെക്കേമല | പലചരക്ക് സ്ഥാപനം |
| 10 | മാതൃക, പന്യാലി, ഓമല്ലൂർ | 42500 | 100000 | എസ് സി ബി, ഓമല്ലൂർ | ടെയ്ലറിംഗ് യൂണിറ്റ് |
| | **ആകെ** | **2053110** | **1020000** | | |

**2011-12**

| ക്രമ നം. | എസ് എച്ച് ജിയുടെ പേര് | വായ്പ തുക | സബ്സിഡി തുക | ബാങ്കിന്റെ പേര് | പ്രവർത്തന മേഖല |
|---|---|---|---|---|---|
| 1 | സമത, കുരങ്ങുമല, കോഴഞ്ചേരി | 175000 | 125000 | വിജയ ബാങ്ക് കോഴഞ്ചേരി | ബേക്കറി യൂണിറ്റ് |
| 2 | സ്നേഹ ഇലന്തൂർ | 225000 | 100000 | എസ് ഐ ബി, ഇലന്തൂർ | അഗ്രികൾച്ചർ |
| 3 | പ്രതിഭ, ഇടപ്പരിയാരം, ഇലന്തൂർ | 280000 | 120000 | യൂക്കോ ബാങ്ക് മല്ലപ്പുഴശ്ശേരി | ബേക്കറി യൂണിറ്റ് |
| 4 | ദീപ്തി, വയലത്തല, ചെറുകോൽ | 350000 | 100000 | ഐ ഒ ബി കീക്കൊഴൂർ | ഡയറി യൂണിറ്റ് |
| 5 | ദർശന, ചെറുകോൽ | 250000 | 125000 | -ടി- | കാറ്ററിംഗ് യൂണിറ്റ് |
| 6 | കൃപ, മാത്തൂർ, ചെന്നീരക്കര | 200000 | 100000 | ഫെഡറൽ ബാങ്ക്, ഊന്നുകൽ | ബേക്കറി യൂണിറ്റ് |
| 7 | രശ്മി പ്രക്കാനം, ചെന്നീർക്കര | 27500 | 125000 | ഇന്ത്യൻ ബാങ്ക്, പത്തനംതിട്ട | അച്ചാർ, ലോഷൻ യൂണിറ്റ് |
| 8 | ദീപം, ഊന്നുകൽ, ചെന്നീർക്കര | 200000 | 100000 | ഫെഡറൽ ബാങ്ക്, ഊന്നുകൽ | പലചരക്ക് സ്ഥാപനം |
| 9 | സാരഥി, പേരാപ്പൂർ, മല്ലപ്പുഴശ്ശേരി | 190000 | 110000 | സിൻഡിക്കേറ്റ് ബാങ്ക് | ഡയറി യൂണിറ്റ് |
| 10 | നവോദയ, നാരങ്ങാനം | 325000 | 125000 | എസ് സി ബി, നാരാങ്ങാനം | ഡയറി യൂണിറ്റ് |
| 11 | സൗപർണ്ണിക, കാഞ്ഞിരംവേലി, മല്ലപ്പുഴശ്ശേരി | 275000 | 125000 | സിബി ഐ തെക്കേമല | ശിങ്കാരി മേളം |
| | **ആകെ** | **2745000** | **1255000** | | |

LOCAL FUND AUDIT DEPARTMENT

## 8. മാതൃകാപരമായി പ്രവർത്തിക്കുന്ന തൊഴിൽസംരംഭങ്ങൾ

### a) വനിതകളുടെ ശിങ്കാരിമേളം - സൗപർണ്ണിക സ്വയം സഹായ സംഘം



ഇലന്തൂർബ്ലോക്കിൽ ഉൾപ്പെട്ട മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ 12-ാം വാർഡിൽ കാഞ്ഞിരവേലി എന്ന സ്ഥലത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 17 യുവതികൾ രൂപീകരിച്ച സ്വയം സഹായ സംഘമാണ് സൗപർണ്ണിക എസ് എച്ച് ജി. കൈപ്പട്ടൂർ രവീന്ദ്രനാശാൻ എന്നയാളുടെ കീഴിൽ ഈ ഗ്രൂപ്പിലെ അംഗങ്ങൾ ശിങ്കാരിമേളത്തിന് പരിശീലനം നേടുകയും അതിന്റെ അടിസ്ഥാനത്തിൽ 2011-12 ൽ എസ് ജി എസ് വൈ പദ്ധതി പ്രകാരം, തെക്കേമല, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നും 2.5 ലക്ഷം രൂപ വായ്പയും 1.25 ലക്ഷം രൂപ സബ്സിഡിയും അനുവദിക്കുകയും സംരംഭം തുടങ്ങുകയും ചെയ്തു. വായ്പ തുക ഉപയോഗിച്ച് ചെണ്ട, തായ്ചെണ്ട, ഇലത്താളം, കച്ച, യൂണിഫോം തുടങ്ങിയവ വാങ്ങി.(12 ചെണ്ടകൾ, 8 ഇലത്താളം തുടങ്ങിയവ)




ഈ ഗ്രൂപ്പിനു നാട്ടിൽ തന്നെ നിരവധി പരിപാടികൾ കിട്ടുന്നുണ്ട്. നാട്ടിലെ ഒരു പരിപാടിക്ക് നിലവിൽ 10000/- രൂപയാണ് ഈടാക്കുന്നത്. തമിഴ്നാട്ടിൽ 40000/- രൂപ വരെ ഈ സംഘത്തിനു ലഭിച്ചിട്ടുണ്ട്. യാതൊരു കുടിശ്ശികയും കൂടാതെ ബാങ്കിൽ ലോൺ അടയ്ക്കുന്നതിനും അതിനുശേഷം നല്ലൊരു തുക ലാഭം ഉണ്ടാക്കാനും ഗ്രൂപ്പിനു കഴിഞ്ഞിട്ടുണ്ട്.
സി ബി ഐ അക്കൗണ്ട് പ്രകാരം (അക്കൗണ്ട് നം. 3165-22339) 8.02.12 ലാണ് 2.5 ലക്ഷം വായ്പ എടുത്തത്. 29.02.12 മുതൽ തിരിച്ചടവു തുടങ്ങിയിരുന്നു. 24.09.13 ലെ കണക്കനുസരിച്ച് വായ്പയിൽ ബാക്കി അടയ്ക്കാൻ നിൽക്കുന്നത് 169924/- രൂപയാണ്.

LOCAL FUND AUDIT DEPARTMENT

വിജയപ്രദമായ രീതിയിൽ വരുമാനദാ യകമായ ഒരു വനിത സംരംഭമായി ഇതിനെ കണക്കാക്കാം. ഇത്തരം പുതു സംരംഭങ്ങൾക്ക് വെബ്സൈറ്റ്/യൂട്യൂബ്/ സോഷ്യൽ മീഡിയ സൈറ്റുകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

## b) നവരത്ന ടെയ്‌ലറിംഗ് & കാറ്ററിംഗ് യൂണിറ്റ്, പ്രക്കാനം



16.05.07ൽ ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ പ്രക്കാനത്ത് 12 വനിത അംഗങ്ങൾ ചേർന്ന് രൂപീകരിച്ചതാണ് നവരത്ന ടെയ്‌ലറിംഗ് & കാറ്ററിംഗ് യൂണിറ്റ്. 6 പേർ തയ്യൽ സംരംഭങ്ങളും 6 പേർ കാറ്ററിംഗ് മേഖലയിലും പ്രവർത്തിക്കുന്നു. 7.11.07ൽ ആദ്യ ഗ്രേഡിംഗ് നടത്തുകയും 20.04.07 ൽ 10000/- രൂപ റിവോൾവിംഗ് ഫണ്ടായി നൽകുകയും ചെയ്തു. 18.08.09ൽ രണ്ടാം ഗ്രേഡിംഗും നടത്തി. 10.10.09ൽ 2.75 ലക്ഷം രൂപ വായ്പയെടുക്കുകയും സ്ഥിരതയാർന്ന പ്രവർത്തനംകൊണ്ട് 20.04.2012 ൽ വായ്പ തിരിച്ചടയ്ക്കുകയും ചെയ്തു.

ഈ രണ്ടു സംരംഭങ്ങളിൽ നിന്നുള്ള ലാഭം അംഗങ്ങൾ വീതിച്ചെടുക്കുന്നുണ്ട്. സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 28.06.12 ൽ 3 ലക്ഷം രൂപയുടെ പുതിയ വായ്പ തരപ്പെടുത്തുകയും ഈ തുക കൊണ്ട് എംബ്രായ്ഡറി മെഷീൻ, ഫർണീച്ചറുകൾ എന്നിവ വാങ്ങുകയും ചെയ്തു. മാതൃകാപരമായി പ്രവർത്തിക്കുന്ന ഒരു സ്വയം സഹായ സംഘമാണ് നവരത്ന ടെയ്‌ലറിംഗ് യൂണിറ്റ്.

## c) രശ്മി വനിത എസ് എച്ച് ജി, തേപ്പു കല്ലുങ്കൽ, പ്രക്കാനം



ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിലെ പ്രക്കാനം, തേപ്പുകല്ലുങ്കലിൽ 11 എസ് സി വനിതകൾ ചേർന്ന് രൂപീകരിച്ച സ്വയം സഹായ സംഘമാണ് രശ്മി വനിത എസ് എച്ച് ജി. 30.11.11 ൽ ഇന്ത്യൻ ബാങ്ക്, പത്തനംതിട്ടയിൽ നിന്ന് 2,75,000/- രൂപ വായ്പയെടുക്കുകയും 1,25,000/- രൂപ സബ്സിഡിയായി ബാങ്കിനു നൽകുകയും ചെയ്തിട്ടുണ്ട്. അച്ചാർ നിർമ്മാണം, ബേക്കറി ഉത്പന്ന ഉത്പാദന നിർമ്മാണം, ലോഷൻ നിർമ്മാണം എന്നിവയാണ് ഈ എസ് എച്ച്

ജിയുടെ പ്രധാന മേഖല. അക്കൗണ്ട് (നം. 9971 97036) പ്രകാരം 18.10.13 ൽ 191690/- രൂപ വായ്പയിനത്തിൽ ബാലൻസ് ഉണ്ട്. കൃത്യമായ പ്രവർത്തനം കൊണ്ട് നല്ല രീതിയിൽ മുന്നോട്ടു പോകുന്നതാണീ ഗ്രൂപ്പ്.

## 9. എസ് ജി എസ് വൈ ട്രയിനിംഗ് സെന്റർ നിർമ്മാണം പുരോഗതിയിൽ



എസ് ജി എസ് വൈ ഇൻഫ്രാസ്ട്രക്ചർ ഫണ്ടുപയോഗിച്ചുളള എസ് ജി എസ് വൈ ട്രയിനിംഗ് സെന്ററിന്റെ നിർമ്മാണം ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിനോടു ചേർന്ന് പുരോഗമിക്കുന്നു. ആദ്യം ഇലന്തൂർ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിനോട് ചേർന്നാണ് ട്രയിനിംഗ് സെന്റർ നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരുന്നതെങ്കിലും 12.01.2010 ലെ 7-ാം തീരുമാനപ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിനോടു ചേർന്ന് നിർമ്മിക്കുകയാണുണ്ടായത്. എസ് ജി എസ് വൈ ഇൻഫ്രാ ഫണ്ടിൽ നിന്നും 2008-09 ലെ ഇലന്തൂർ ബ്ലോക്ക് വിഹിതമായ 3.32 ലക്ഷം രൂപയും 2009-10 ലെ വിഹിതമായ 3.97 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 7.29 ലക്ഷം രൂപ ഇലന്തൂർ ബ്ലോക്കിനു തിരിച്ചടയ്ക്കേണ്ടി വന്നു. പത്തനംതിട്ട, ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് പ്രൊജക്ട് ഡയറക്ടറുടെ 3.01.12 ലെ നം.എ88/11/പി എ യു-പി റ്റി എ ഉത്തരവു പ്രകാരമാണ് തുക തിരിച്ചടയ്ക്കേണ്ടി വന്നത്.

2010-11 ൽ എസ് ജി എസ് വൈ യ്ക്കായി പത്തനംതിട്ട ജില്ലയ്ക്കനുവദിച്ചത് 225.27 ലക്ഷം രൂപയായിരുന്നു. ഇതിന്റെ 20% തുക (45.054) ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടാണ്. ഈ തുകയിൽ നിന്നും ഇലന്തൂർ ബ്ലോക്കിന് 11.25 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഈ തുക കൊണ്ട് നിർമ്മാണം തുടങ്ങുകയും ചെയ്തു. എങ്കിലും 2008-09, 2009-10 വിഹിതമായ 7.29 ലക്ഷം രൂപ തിരികെ വാങ്ങിയതു പിന്നീട് ലഭിച്ചോ എന്നറിയാൻ കഴിഞ്ഞിട്ടില്ല. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. 2011-12, 2012-13 എസ് ജി എസ് വൈ ഇൻഫ്രാ ഫണ്ട് വിഹിതം എത്ര ലഭിച്ചു എന്നതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി കൃത്യമല്ലായിരുന്നു.

നിലവിൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ട്രയിനിംഗ് സെന്ററിനു 22.50 ലക്ഷം രൂപയാണ് ചെലവ്. ഇലന്തൂർ ബ്ലോക്കിന്റെ ഇതിനായി തുടങ്ങിയ മല്ലപ്പുഴശ്ശേരി, യൂക്കോ ബാങ്ക് അക്കൗണ്ടിൽ 31.03.2013ൽ 22.50 ലക്ഷം രൂപ ബാലൻസ് ഉണ്ടായിരുന്നു. ഇതിൽ നിന്നും 1460499/- രൂപ 21.10.2013 വരെ ചെലവഴിച്ചിട്ടുണ്ട് എന്ന് ബ്ലോക്ക് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്.

## 10. ചെറുകോൽ ഗ്രാമപഞ്ചായത്തിൽ മാർക്കറ്റ് വിപണന കേന്ദ്രത്തിനായി ചെലവഴിച്ച 6.7 ലക്ഷം രൂപ പാഴ്ചെലവായി



ചെറുകോൽ ഗ്രാമപഞ്ചായത്തിൽ മാർക്കറ്റ് വിപണന കേന്ദ്രത്തിനായി ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ച 6.7 ലക്ഷം രൂപ പാഴായതായി ഭൗതിക പരിശോധനയിൽ കണ്ടു. മാർക്കറ്റിനോ വിപണന കേന്ദ്രത്തിനോ യാതൊരു സാധ്യതയുമില്ലാത്ത കാടുപിടിച്ച സ്ഥലത്ത് 575 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിൽ 4 കടമുറികൾ പണിത് നാളിതുവരെയും ഒരു പ്രയോജനവുമില്ലാതെ നിലകൊള്ളുകയാണ്. ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച വിപണന കേന്ദ്രത്തിനു തൊട്ടടുത്തായി **ചെറുകോൽ ഗ്രാമപഞ്ചായത്തും 9.12 ലക്ഷം രൂപ ചെലവിൽ 6 മുറികളോടു കൂടിയ വിപണനകേന്ദ്രം നിർമ്മിച്ചിരുന്നു.** ഇതും ആർക്കും പ്രയോജനം ചെയ്യാതെ നില കൊള്ളുന്നു. റോഡു നിരപ്പിൽ നിന്നും ഏകദേശം 4 മീറ്ററോളം താഴ്ചയിൽ ചെറുകോൽ ഗ്രാമപഞ്ചായത്തിന് പി ഐ പി (പമ്പ ഇറിഗേഷൻ പ്രോജക്ട്) പുറമ്പോക്കായി ലഭിച്ച സ്ഥലത്താണ് ഈ വിപണന കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് നം. | പ്ലാൻ തുക | ബിൽ നം./ തീയതി | ടാക്സ് തുക | കോൺട്രാക്ടർക്കു നൽകിയത് |
|---|---|---|---|---|---|
| 2010-11 | എസ് 0072 | 207790 | 52/10-11/31.03.11 | 33392 | 174398 |
| 2011-12 | എസ് 00106 | 402117 | 37/11-12/29.02.12 | 24408 | 377709 |
| 2011-12 | എസ് 00106 | 60991 | 44/11-12/15.03.12 | 1238 | 59753 |
| **ആകെ** | | **670898** | | **59038** | **611860** |





LOCAL FUND AUDIT DEPARTMENT

## 11. ചെന്നീർക്കര ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച വിപണന കേന്ദ്രം ഉദ്ദേശ ലക്ഷ്യം കൈവരിച്ചിട്ടില്ല. ചെലവ് 3.87 ലക്ഷം



ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് 2009-10, 2010-11 വർഷങ്ങളിലായി ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ ഊന്നുകൽ എന്ന സ്ഥലത്ത് ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തു നിർമ്മിച്ച മാർക്കറ്റ് വിപണന കേന്ദ്രം ഉദ്ദേശ ലക്ഷ്യം കൈവരിച്ചില്ല. എന്ന് ഭൗതിക പരിശോധനയിൽ കണ്ടു. 458 ചതുരശ്ര അടി സ്ഥലത്ത് 3 സ്റ്റാളുകളായി നിർമ്മിച്ച വിപണന കേന്ദ്രം ഫലപ്രദമായി വിനിയോഗിക്കുന്നില്ല. കുടുംബശ്രീ/സ്വയം സഹായ സംഘങ്ങൾക്ക് മെച്ചപ്പെട്ട വിപണന കേന്ദ്രം നിർമ്മിക്കുക എന്ന ഉദ്ദേശത്തോടെയായിരുന്നു ഇത് നിർമ്മിച്ചത്. എന്നാൽ ഊന്നുകൽ എന്ന സ്ഥലത്ത് ആഴ്ചയിൽ 2 ദിവസം നടക്കുന്ന ചന്തയിൽ ഒരു സ്റ്റാളിൽ പച്ചക്കറി വ്യാപാരം മാത്രം നടക്കുന്നന്നതായി കണ്ടു. രണ്ടാമത്തെ സ്റ്റാളിൽ ഉണക്കമീൻ സൂക്ഷിക്കുന്നതായും മൂന്നാമത്തെ സ്റ്റാൾ വെറുതെ കിടക്കുന്നതായും കണ്ടു. ഈ വിപണന കേന്ദ്രം ചെന്നീർക്കര ഗ്രാമപഞ്ചായത്തിന് 2013-14 ൽ കൈമാറി.

ചുരുക്കത്തിൽ കുടുംബശ്രീ/എസ് എച്ച് ജി കൾക്ക് ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി നിർമ്മിച്ച വിപണനകേന്ദ്രം ഉദ്ദേശലക്ഷ്യങ്ങൾ കൈവരിച്ചില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇതിനായി ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രൊജക്ട് നം. | പ്ലാൻ തുക | ബിൽ നം/തീയതി | ടാക്സ് | കോൺട്രാക്ടർക്കു നൽകിയത് |
|---|---|---|---|---|---|
| 2009-10 | 45/09-10 | 299691 | 34/09-10/31.03.10 | 16965 | 282726 |
| 2010-11 | 60/10-11 | 87618 | 14/10-11/18.08.10 | 5770 | 82448 |
| **ആകെ** | | **387309** | | **22135** | **365774** |

LOCAL FUND AUDIT DEPARTMENT

## 12. നാരങ്ങാനം എസ് എച്ച് ജി വിപണനകേന്ദ്രം നിർമ്മാണം ഉപേക്ഷിച്ചു.

നാരങ്ങാനം ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റുകൾക്കും സ്വയം സഹായ സംഘങ്ങൾക്കും അവർ നിർമ്മിക്കുന്ന ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ഒരു വിപണന കേന്ദ്രം നിർമ്മിക്കുന്നതിനായി 2009-10ൽ 5 ലക്ഷം രൂപ വികസന ഫണ്ട് ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തിയിരുന്നു. (പ്രൊജക്ട് നം.26/09-10). 27.01.2010 ൽ നാരങ്ങാനം ഡിവിഷൻ മെമ്പർ അഡ്വ.വർഗ്ഗീസ് കൂളത്തൂരാന്റെ അധ്യക്ഷതയിൽ ഗുണഭോക്തൃ സമിതി കൂടുകയും കൺവീനറായി നാരങ്ങാനം, പുത്തൻപറമ്പിൽ, ശ്രീ.സിബി വർഗ്ഗീസ് ജോണിനെ തെരഞ്ഞെടുക്കയും ചെയ്തു. 2.2.10ൽ മെമ്പറുടെ നിർദ്ദേശപ്രകാരം മൊബിലൈസേഷൻഅഡ്വാൻസായി 1 ലക്ഷം രൂപ ഗുണഭോക്തൃ സമിതി കൺവീനർക്കു നൽകിയിരുന്നു. (ബിൽ നം.15/09-10, 22.02.10)

2010-11 ൽ സ്പിൽ ഓവറായി 4 ലക്ഷം രൂപ വിപണന കേന്ദ്രത്തിനു വകയിരുത്തിയിരുന്നു. (നം. 73/10-11). എന്നാൽ പദ്ധതിയ്ക്കുള്ള സ്ഥലം നാരങ്ങാനം ഗ്രാമപഞ്ചായത്തു വിട്ടു നൽകാത്തതിനാൽ വിപണനകേന്ദ്രം നിർമ്മിക്കാൻ സാധിച്ചില്ല. തുടർന്ന് മൊബിലൈസേഷൻ അഡ്വാൻസായ 1 ലക്ഷം രൂപ 7 മാസങ്ങൾക്കു ശേഷം 9.9.10ൽ ട്രഷറിയിൽ തിരിച്ചടച്ചു.

വിപണനകേന്ദ്രം നിർമ്മിക്കാനുള്ള സ്ഥലം നിർണ്ണയിക്കാതെയും വ്യക്തമായ ആസൂത്രണമില്ലായ്മയും കാരണം ഒരു ലക്ഷം രൂപയുടെ 7 മാസത്തെ പലിശ സർക്കാർ ഫണ്ടിനു നഷ്ടമാകുകയും പദ്ധതി ഉപേക്ഷിക്കുകയും ചെയ്തു.

LOCAL FUND AUDIT DEPARTMENT

## 13. എസ് എച്ച് ജി - പശു വളർത്തൽ - 5 വർഷമായിട്ടും വായ്പ അവശേഷിക്കുന്നു.

2008-09 ലെ വാർഷിക പദ്ധതിയിൽ 1,25,000/- രൂപ വികസന ഫണ്ടും 1,25,000/- രൂപ ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പയുമുൾപ്പെടെ 2,50,000/- രൂപ വകയിരുത്തി ഇലന്തൂർ ഡിവിഷനിലെ സ്വയം സഹായ സംഘത്തിന്(വനിത) പശുവളർത്തൽ എന്ന പേരിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരു പദ്ധതി ആവിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും അംഗീകാരം വാങ്ങിയിരുന്നു. ടി പദ്ധതി പ്രകാരം ഇലന്തൂർ ഡിവിഷനിലെ വാര്യാപുരം സൗഹൃദ സ്വയംസഹായസംഘത്തിലെ 12 വനിതകൾ ഉൾപ്പെടുന്ന ഗ്രൂപ്പിന് എസ് ജി എസ് വൈ മാനദണ്ഡമനുസരിച്ച് സ്വയംതൊഴിൽസംരംഭം എന്ന നിലയിൽ 1,20,000/- രൂപ ബാക്ക് എന്റ് സബ്സിഡിയായി ചെലവഴിച്ചിട്ടുണ്ട്.

ടി ഗ്രൂപ്പിലെ 12 ഗുണഭോക്താക്കൾക്കായി 3,00,000/- രൂപ (ഒരാൾക്ക് 25,000/-രൂപ എന്ന നിലയിൽ) പശുവിനെ വാങ്ങുന്നതിനും തൊഴുത്ത് നിർമ്മാണം മറ്റ് അനുബന്ധ ചെലവുകൾക്കായി വാര്യാപുരം ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് വായ്പ നൽകിയിട്ടുണ്ട്. എസ് ജി എസ് വൈ മാനദണ്ഡമനുസരിച്ച് സ്വയംതൊഴിൽ സംരംഭം എന്ന നിലയിൽ ഗ്രൂപ്പിനുള്ള വായ്പാധിഷ്ഠിത പ്രോജക്ടിന്റെ ബാക്ക് എന്റ് സബ്സിഡിയായി 1,20,000/- രൂപ (ബിൽ നം.25/08-09 തീ.26.03.09) വികസനഫണ്ടിൽ നിന്നും മാറി പ്രസ്തുത ബാങ്ക് മാനേജരുടെ പേരിൽ നൽകിയിട്ടുണ്ട്. ടി ഗ്രൂപ്പിലെ 12 പേരും പശുവിനെ വാങ്ങിയതിന്റെ വിലച്ചീട്ട് ഹാജരാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ബാക്ക് എന്റ് സബ്സിഡി നൽകിയിട്ടുള്ളത്.

ഓഡിറ്റിന്റെ അന്വേഷണത്തിൽ ടി ഗ്രൂപ്പിലെ അംഗങ്ങൾ പശുവളർത്തൽ ഒരു തൊഴിലായി സ്വീകരിച്ച് മുമ്പോട്ട് പോകുന്നുണ്ട്. പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ട് 5 വർഷമായിട്ടും ഗ്രൂപ്പിന് ബാങ്ക് വായ്പ അടച്ചു തീർക്കാൻ കഴിഞ്ഞിട്ടില്ല. 03/2009ൽ ബാങ്ക് ലോൺ അനുവദിച്ചിട്ടുള്ളത് 5 വർഷത്തേക്കാണ്. ഒരു ജില്ലാ സഹകരണ ബാങ്ക് നൽകിയ വിവരം അനുസരിച്ച് 25.10.2013ൽ മുതൽ ഇനത്തിൽ 118442/- രൂപയും പലിശയിനത്തിൽ 25,000/- രൂപയും ടി ഗ്രൂപ്പിന്റെ ലോൺ അക്കൗണ്ടിലേക്ക് അടച്ചുതീർക്കാൻ അവശേഷിക്കുന്നു.

വായ്പാധിഷ്ഠിത പ്രോജക്ടുകളുടെ തുടർനിരീക്ഷണം ബ്ലോക്ക് പഞ്ചായത്ത് നടത്തുന്നില്ല. വായ്പാ കാലാവധിക്കുള്ളിൽ വായ്പ തിരിച്ചടയ്ക്കാത്തപക്ഷം ഗ്രൂപ്പ് കടക്കെണിയിലാവുകയും ജപ്തി നടപടികൾ നേരിടേണ്ടി വരികയും ചെയ്യുമെന്നുള്ളതിനാൽ വായ്പ തിരിച്ചടയ്ക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ബ്ലോക്ക് പഞ്ചായത്ത് നൽകേണ്ടതാണ്.

## 14. സമഗ്രതേനുല്പാദനം-സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനായി ജില്ലാ പഞ്ചായത്തിനു നൽകിയ തുക ഫലവത്തായില്ല.

ഗ്രാമീണ മേഖലയിലെ ദാരിദ്ര്യ ലഘൂകരണം വനിതകൾക്ക് പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കൽ, വരുമാന വർദ്ധനവ് തുടങ്ങിയ ലക്ഷ്യത്തോടെ ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കുടുംബശ്രീമിഷൻ നിർവ്വഹണ ഏജൻസിയായി നടപ്പാക്കാനുദ്ദേശിച്ചിരുന്ന മധുരം തേൻ പദ്ധതിക്കു വേണ്ടി, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് 2008-09ലെ വാർഷിക പദ്ധതിയിൽ ഉത്പാദന മേഖലയിൽ ഉൾപ്പെടുത്തി 6,00,000/- രൂപ വികസന ഫണ്ട് വകയിരുത്തി സമഗ്രതേനുല്പാദനം എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് (17/08-09) അംഗീകാരം വാങ്ങുകയും ആയതിന്റെ അടിസ്ഥാനത്തിൽ 600000/- രൂപ (ബിൽ നം.10/08-09 തീയതി 3/2009) തൻവർഷം ജില്ലാ പഞ്ചായത്തിന് കൈമാറുകയും ചെയ്തു. സമഗ്രപദ്ധതിയിലുൾപ്പെടുത്തിയ മധുരം തേൻ പദ്ധതി ബ്ലോക്ക് തലത്തിൽ 70 പേർക്കും ഗ്രാമപഞ്ചായത്ത് തലത്തിൽ 10000 പേർക്കും ജില്ലാതലത്തിൽ 110 പേർക്കും സ്ഥിരം ജോലി പ്രദാനം ചെയ്യുന്നതിനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. പ്രസ്തുത പദ്ധതിയുടെ ആക്ടിവിറ്റി ഗ്രൂപ്പുകൾ സംഭരിക്കുന്ന തേൻ സംസ്ക്കരിക്കുന്നതിന് ബ്ലോക്ക് തലത്തിൽ സംസ്ക്കരണ പ്ലാന്റും ലബോറട്ടറിയും സ്ഥാപിക്കുന്നതിനായിരുന്നു ബ്ലോക്ക് പഞ്ചായത്ത് തുക നൽകിയിരുന്നത്.

സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് വകയിരുത്താതെയാണ് ജില്ലാ പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ചിരുന്നത്. ജില്ലാ പഞ്ചായത്ത - ജില്ലാ കുടുംബശ്രീ മിഷന്റെയും ആഭിമുഖ്യത്തിൽ നടപ്പാക്കാനുദ്ദേശിച്ചിരുന്ന പദ്ധതി ലക്ഷ്യം കൈവരിക്കാതെ ഉപേക്ഷിച്ചു. ഈ സാഹചര്യത്തിൽ 9.03.2011ലെ 13397/ഡി.ബി.1/11/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം തേനുല്പാദന പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും നൽകിയ തുക ഇഎം എസ്/ഐ എ വൈ ഭവന നിർമ്മാണ പദ്ധതിയ്ക്കായി വിനിയോഗിക്കുന്നതിന് തിരികെ നൽകുകയുണ്ടായി. ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന് 1.04.2011 ൽ ലഭിച്ച 600000/- രൂപ ഐ എ വൈ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത് ഭവനപദ്ധതിയ്ക്കായി വിനിയോഗിക്കുകയാണുണ്ടായത്. ഉത്പാദന മേഖലയിൽ ചെലവഴിക്കേണ്ടിയിരുന്ന പ്രസ്തുത തുക സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സേവനമേഖലയിലുള്ള പദ്ധതിക്കുവേണ്ടി ചെലവഴിച്ചതുവഴി ബ്ലോക്ക് തലത്തിലുള്ള ചെറുകിട വ്യവസായ യൂണിറ്റ് ലക്ഷ്യം കാണാതെ പോയി.

LOCAL FUND AUDIT DEPARTMENT

## 15. തൊഴിൽ പരിശീലനങ്ങളുടെ വിശകലനം

| പ്രൊജക്ടിന്റെ പേര് | നടപ്പാക്കിയ വർഷം | ചെലവ് | പ്രൊജക്ടിന്റെ ഫല പ്രാപ്തി |
|---|---|---|---|
| 5/07-08 കമ്പ്യൂട്ടർ പരിശീലനം | 2007-2008 | 1പ്ലാൻ: 40000 | 100 കുട്ടികൾക്ക് ട്രെയിനിംഗ് നൽകി |
| യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം (എസ് 56/07-08) | 2007-2008 | പ്ലാൻ: 44000 | 26 പേർക്ക് പരിശീലനം നൽകി |
| 2/08-09 പേപ്പർ ബാഗ് നിർമ്മാണം | 2008-2009 | പ്ലാൻ: 70000 | 20 എസ് സി വനിതകൾക്ക് പരിശീലനം ലഭിച്ചെങ്കിലും യൂണിറ്റ് ആരംഭിച്ചില്ല. |
| 4/08-09 8 പട്ടികജാതി | 2008-2009 | പ്ലാൻ: 12400 | 4 പേർക്ക് പരിശീലനം |

| | | | |
|---|---|---|---|
| വനിതകൾക്ക് 3-വീലർ പരിശീലനം | | | നൽകി |
| 6/08-09 യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം | 2008-2009 | പ്ലാൻ: 59870 | 26 പേർക്ക് പരിശീലനം നൽകി |
| 127/11-12 എസ് സി പെൺകുട്ടികൾക്ക് വെബ് ഡിസൈനിംഗ് പരിശീലനം | 2011-2012 | പ്ലാൻ: 100000 | 14 പെൺകുട്ടികൾക്ക് പരിശീലനം നൽകി |
| 144/11-12 എസ് സി വിദ്യാർത്ഥികൾക്ക് ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ കോഴ്സ് | 2011-2012 | പ്ലാൻ: 398190 | പദ്ധതി സുതാര്യമല്ല. കുട്ടികൾ സ്റ്റാർ ഹോട്ടലുകളിൽ ട്രെയിനിംഗിലാണെന്നു പറയപ്പെടുന്നു. |
| 66/12-13 എസ് സി പെൺകുട്ടികൾക്ക് വെബ് ഡിസൈനിംഗ് | 2012-2013 | പ്ലാൻ: 100000<br>തനത 80000<br>-------<br>180000 | 14 പെൺകുട്ടികൾക്ക് പരിശീലനം നൽകി |
| 67/12-13 എസ് സി വിദ്യാർത്ഥികൾക്ക് ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ കോഴ്സ് | 2012-2013 | പ്ലാൻ: 177316<br>തനത 128984<br>-------<br>306300 | പദ്ധതി സുതാര്യമല്ല. കുട്ടികൾ സ്റ്റാർ ഹോട്ടലുകളിൽ ട്രെയിനിംഗിലാണെന്നു പറയപ്പെടുന്നു |

LOCAL FUND AUDIT DEPARTMENT

**a) പരിശീലനങ്ങളുടെ നേട്ട കോട്ട വിശകലനം**

| നം | പരിശീലനങ്ങൾ | നേട്ടങ്ങൾ | കോട്ടങ്ങൾ |
|---|---|---|---|
| 1 | ഡ്രൈവിംഗ് പരിശീലനം | 72 പേർക്ക് ലൈസൻസ് എടുക്കാനാവശ്യമായ പരിശീലനം നൽകി | സ്വയം തൊഴിൽ സംരംഭങ്ങൾ/വേതന തൊഴിൽ ഇവർ ആരംഭിച്ചു എന്ന് മോണിറ്ററിംഗ് നടത്തിയിട്ടില്ല |
| 2 | ഡി റ്റി പി കമ്പ്യൂട്ടർ പരിശീലനം | 100 പേർക്ക് പരിശീലനം നൽകിയതായി രേഖ | കോഴ്സ് സർട്ടിഫിക്കറ്റ് നൽകിയതായി രേഖയില്ല സ്വയം തൊഴിൽ സംരംഭങ്ങൾ/വേതന തൊഴിൽ ഇവർ ആരംഭിച്ചു എന്ന് മോണിറ്ററിംഗ് നടത്തിയിട്ടില്ല |
| 3 | വെബ് ഡിസൈനിംഗ് | 14 പെൺകുട്ടികൾക്ക് പരിശീലനം നൽകി | സ്വയം തൊഴിൽ സംരംഭങ്ങൾ/വേതന തൊഴിൽ ഇവർ ആരംഭിച്ചു എന്ന് മോണിറ്ററിംഗ് നടത്തിയിട്ടില്ല |
| 4 | ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ കോഴ്സ് | അറിയാൻ കഴിഞ്ഞിട്ടില്ല | പദ്ധതി സുതാര്യമല്ല. കുട്ടികൾ സ്റ്റാർ |

| | | | |
|---|---|---|---|
| | | | ഹോട്ടലുകളിൽ ട്രെയിനിംഗിലാണെന്നു പറയപ്പെടുന്നു. സർക്കാർ തല അന്വേഷണം ആവശ്യം. |
| 5 | പേപ്പർ ബാഗ് നിർമ്മാണം | 20 എസ് സി വനിതകൾക്ക് പരിശീലനം നൽകി | യൂണിറ്റ് ആരംഭിച്ചില്ല. |

**16.** **ഡ്രൈവിംഗ് പരിശീലനം - സ്വയം തൊഴിൽ സംരംഭത്തിനായി തുടർ പദ്ധതികൾ ആവിഷ്ക്കരിക്കുകയോ വേതന തൊഴിൽ ലഭിച്ചെന്ന് ഉറപ്പു വരുത്തുകയോ ചെയ്യുന്നില്ല.**

പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് 2007-08 വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾ/യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനത്തിനായി മൂന്ന് പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. പ്രസ്തുത പദ്ധതികളിൽ രണ്ടെണ്ണം സ്പിൽ ഓവർ പ്രോജക്ടായി 2008-09 ൽ നടപ്പാക്കിയിട്ടുണ്ട്. ഒരെണ്ണം നടപ്പാക്കിയതുമില്ല. സ്വയം തൊഴിൽ സംരംഭത്തിന്റെ ഭാഗമായി ത്രീ വീലർ അഥവാ ഫോർ വീലർ വാങ്ങി നൽകുന്ന പദ്ധതി ആവിഷ്കരിക്കാതെ ഡ്രൈവിംഗ് പരിശീലനം മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തത്. പരിശീലനം ലഭിച്ചവർക്ക് വാഹനം വാങ്ങുന്നതിനുള്ള ധനസഹായം നൽകുവാൻ വേണ്ടി സ്വന്തം നിലയിലോ ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടുകൂടിയോ തുടർപദ്ധതികൾ ആവിഷ്കരിച്ചിട്ടുമില്ല.

പതിനൊന്നാം പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിൽ പരിശീലന പരിപാടികൾ സ്വയം തൊഴിൽ സംരംഭങ്ങൾ ആംഭിക്കുന്നതിന്റെ ഭാഗമായോ വേതന തൊഴിൽ ലഭിക്കുമെന്ന് ഉറപ്പുള്ളതോ ആയ മേഖലകളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കായി പരിമിതപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഡ്രൈവിംഗ് പരിശീലനത്തിന് ഗുണഭോക്താക്കളെ ബ്ലോക്ക് പഞ്ചായത്ത് നേരിട്ടാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഗുണഭോക്താക്കളെ ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും നേരിട്ട് തെരഞ്ഞെടുക്കുവാൻ പാടുള്ളതല്ലെന്നും ആയത് ഗ്രാമസഭ മുഖേനയാവണമെന്നുമുള്ള വ്യവസ്ഥ 4.4.97-ലെ വിധിന്യായത്തിൽ ബഹു: കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ഗുണോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അംഗീകരിച്ച് സാധൂകരണം വാങ്ങേണ്ടതാണ്. മോട്ടോർ ഡ്രൈവിംഗ് സ്കൂളിൽ നിന്ന് പരിശീലനം ലഭിച്ച് ഡ്രൈവിംഗ് ടെസ്റ്റ് വിജയിച്ചവർക്ക് ലൈസൻസ് നൽകിയിട്ടുള്ളതിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പരിശീലനം ലഭിച്ചവർ സ്വന്തമായ നിലയിൽ വാഹനമെടുത്ത് സ്വയംതൊഴിൽ ചെയ്യുന്നുണ്ടോയെന്നും വേതന തൊഴിൽ ഉറപ്പുവരുത്തിയിട്ടുണ്ടോയെന്നും ബ്ലോക്ക് പഞ്ചായത്ത് തുടർ നിരീക്ഷണം നടത്തുന്നില്ല. ഡ്രൈവിംഗ് പരിശീലനം നൽകുന്നതിന് വികസനഫണ്ട് ചെലവഴിക്കുമ്പോൾ ആ മേഖലയിൽ പ്രസ്തുത വ്യക്തികൾ ജോലി ചെയ്യുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ട ബാദ്ധ്യത ബ്ലോക്ക് പഞ്ചായത്തിനുണ്ട്. അല്ലാത്തപക്ഷം സ്വയം തൊഴിലിന്റെ ഭാഗമല്ലാത്ത ഇത്തരത്തിലുള്ള പരിശീലന പരിപാടികൾ തികച്ചും പരാജയം തന്നെയാണ്. ഈ മേഖലയിൽ ചെലവഴിച്ച തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ടിന്റെ പേര്, നമ്പർ, ഗുണഭോക്താവിന്റെ പേര് | അടങ്കൽ തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് |
|---|---|---|---|---|---|
| 2007-08 | ചെറുകോൽ ഡിവിഷനിലെ പട്ടിക | 40000/-(വികസന ഫണ്ട്) | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 0 | ഇല്ല |

LOCAL FUND AUDIT DEPARTMENT

| | | | | | |
|---|---|---|---|---|---|
| | ജാതി യുവാക്കൾക്ക് 4 വീൽ ഡ്രൈവിംഗ് പരിശീലനം( എസ് 055/07-08) സ്പിൽ ഓവർ എസ്ഒ 05/08-09) ഗുണഭോക്താക്കൾ:10 | | | | |
| 2007-08 & 2008-09 (സ്പിൽ ഓവർ) | പട്ടികജാതി വനിതകൾക്ക് ത്രീവീലർ ഡ്രൈവിംഗ് പരിശീലനം (എസ് 054/07-08) സ്പിൽ ഓവർ (04/08-09) ഗുണഭോക്താക്കൾ 8 | 25000/-(വികസന ഫണ്ട്) | -ടി- | 4 | @ 3100*4=12400 |
| 2007-08 & 2008-09 സ്പിൽ ഓവർ | ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിലുള്ള പട്ടികജാതി യുവാക്കൾക്കും ഡ്രൈവിംഗ് പരിശീലനം( എസ് 0056/07-08) (സ്പിൽ ഓവർ എസ് 006/08-09) ഗുണഭോക്താക്കൾ 31 | 129087/-(വികസന ഫണ്ട്) | -ടി- | 26 | @3995*26=103870 |

LOCAL FUND AUDIT DEPARTMENT

**17. പേപ്പർ ബാഗ് നിർമ്മാണം - പരിശീലനം നടന്നിട്ടും യൂണിറ്റ് ആരംഭിച്ചില്ല.**

പേപ്പർ ബാഗ് നിർമ്മാണത്തിനുള്ള പരിശീലനം സ്വയം സഹായ സംഘങ്ങളിലെ വനിതകൾക്ക് ലഭ്യമാക്കിയിട്ടും പേപ്പർ ക്യാരി ബാഗ് നിർമ്മാണ യൂണിറ്റ് യാഥാർത്ഥ്യമാക്കാൻ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

2007-08 വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ എസ് എച്ച് ജി ഗ്രൂപ്പുകളിൽ ഉൾപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുമായ 20 വനിതകൾക്ക് പേപ്പർ ബാഗ് നിർമ്മാണത്തിനുള്ള പരിശീലനം ലഭ്യമാക്കുന്നതിന് 70,000/- രൂപ വികസന ഫണ്ട് വകയിരുത്തി ഒരു പ്രോജക്ട് ആവിഷ്കരിച്ച് (പ്രോജക്ട് നം.28/07-08) അംഗീകാരം വാങ്ങിയിരുന്നു. എന്നാൽ തൻവർഷം പദ്ധതി നടപ്പിലാക്കാൻ കഴി

ഞ്ഞിട്ടില്ലാത്തതിനാൽ 2008-09ലെ വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തി അംഗീകാരം വാങ്ങുകയും ചെയ്തു. ടി പരിശീലന പരിപാടിയ്ക്കായി തെരഞ്ഞെടുത്ത 20 പട്ടികജാതി വനിതകൾക്ക് 20 ദിവസത്തെ പരിശീലനം നൽകുന്നതിന് കോഴിക്കോട് സ്റ്റെഡ് പ്രോജക്ട് ഡയറക്ടറും ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ 28.02.2009ൽ (എഗ്രി.നം.193/09) ധാരണാപത്രത്തിൽ ഒപ്പ് വച്ചു. ബ്ലോക്ക് പഞ്ചായത്ത് സെമിനാർ ഹാളിൽ 20.03.2009 മുതൽ 20 ദിവസം പേപ്പർ ബാഗ് നിർമ്മാണ പരിശീലനം സ്റ്റെഡ് നൽകിയിട്ടുണ്ട്. പ്രോജക്ട് വിഭാവനം ചെയ്ത തരത്തിൽ പരിശീലന ചെലവ്, സ്റ്റൈപന്റ്, ഭക്ഷണം എന്നിവയ്ക്കായി ആകെ 70000/- രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം.33/08-09/28.03.2009) കോഴഞ്ചേരി, മല്ലപ്പുഴശ്ശേരി, ആറന്മുള, ഇലന്തൂർ, ഓമല്ലൂർ എന്നീ പഞ്ചായത്തുകളിലെ സ്വയം സഹായ സംഘങ്ങളിൽ ഉൾപ്പെട്ട അംഗങ്ങളെയാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരുന്നത്.

2008-09 ൽ നാരങ്ങാനം ഡിവിഷനിൽപ്പെട്ട സ്വയംസഹായസംഘങ്ങളിലെ വനിതകൾക്ക് പേപ്പർ, തുണി ക്യാരിബാഗ് നിർമ്മാണയൂണിറ്റ് എന്ന പേരിൽ 2,00,000/- രൂപ അടങ്കൽ വകയിരുത്തി ഒരു വായ്പാധിഷ്ഠിത പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിരുന്നു. ഒരു ലക്ഷം രൂപ വികസന ഫണ്ടും 1 ലക്ഷം രൂപ ധനകാര്യ സ്ഥാപനത്തിലുള്ള വായ്പയും വകയിരുത്തി ജനറൽ വിഭാഗത്തിൽപ്പെടുത്തിയിട്ടുള്ള ടി പ്രോജക്ട് നടപ്പാക്കാൻ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

പരിശീലനം ലഭിച്ച വിവിധ എസ് എച്ച് ജി കളിലെ അംഗങ്ങൾ പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് സ്വയം തൊഴിൽ സംരംഭം എന്ന നിലയിൽ ആരംഭിച്ചിട്ടില്ലാത്തതായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. നാരങ്ങാനം ഡിവിഷനിൽ ടി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിരുന്നില്ലെന്നും ബാങ്ക് വായ്പ ലഭിക്കുവാൻ ബുദ്ധിമുട്ട് നേരിട്ട സാഹചര്യത്തിലുമാണ് പ്രോജക്ട് നടപ്പാക്കാതിരുന്നതെന്നും ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കി.

പരിശീലനം ലഭിച്ചവർക്ക് പ്രസ്തുത യൂണിറ്റ് തുടങ്ങുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് ആവിഷ്കരിക്കാത്ത പക്ഷം പരിശീലനച്ചെലവ് വെറും പാഴ്ചെലവായി മാറും.

LOCAL FUND AUDIT DEPARTMENT

## 18 വെബ് ഡിസൈൻ ആന്റ് ഡെവലപ്മെന്റ് പരിശീലനം - പരിശീലനം ലഭിച്ചവർക്ക് തൊഴിൽ ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിനായി തുടർ നിരീക്ഷണമില്ല.

പതിനൊന്നാം പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിൽ പരിശീലന പരിപാടികൾ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായോ വേതനതൊഴിൽ ലഭിക്കുമെന്ന് ഉറപ്പുള്ളതോ ആയ മേഖലകളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കായി പരിമിതപ്പെടുത്തേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത വെബ് ഡിസൈൻ & ഡെവലപ്മെന്റ് പരിപാടി സ്വയംതൊഴിൽ സംരംഭത്തിന്റെ ഭാഗമല്ലാതെയാണ് നടപ്പാക്കിയത്. മാത്രവുമല്ല, പ്രസ്തുത പരിശീലനം കഴിഞ്ഞവർക്ക് വേതനതൊഴിൽ ലഭിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തിയതുമില്ല.

2011-12ലെ വാർഷികപദ്ധതിയിൽ വികസനഫണ്ട് 2,00,000/- രൂപയും തനത് ഫണ്ട് 1,00,000/- രൂപയുമുൾപ്പെടെ 3,00,000/- രൂപ വകയിരുത്തി. പട്ടികജാതി വിഭാഗത്തിലുള്ളതും +2 പാസ്സായതുമായ 15 പെൺകുട്ടികൾക്ക് ഗവ:അംഗീകൃത സ്ഥാപനമായ CDIT ൽ വെബ് ഡിസൈൻ & ഡെവലപ്പ്മെന്റ് എന്ന കമ്പ്യൂട്ടർ കോഴ്സിൽ പരിശീലനം നൽകുന്നതിന് 127/11-12-ാം നമ്പരായി ഒരു പ്രോജക്ട് ആവിഷ്കരിച്ച് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം വാങ്ങിയിട്ടുണ്ട്.

സിഡിറ്റിന്റെ ഓഫ് ക്യാമ്പസ് സെന്ററായ പത്തനംതിട്ട സെന്റ് പീറ്റേഴ്സ് ജംഗ്ഷനിലുള്ള (CCBCAC) കാത്തലിക് സിറിയൻ ബെസേലിയോസ് സെന്റർ ഫോർ അഡ്വാൻസ്ഡ് കോഴ്സസ് എന്ന സ്ഥാപനത്തിൽ വച്ച് തെരഞ്ഞെടുത്ത കുട്ടികൾക്ക് 300 മണിക്കൂർ പരിശീലനം നൽകുന്നതിന് സി.ഡിറ്റ് ഓഫ് ക്യാമ്പസ് ഡയറക്ടറും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ 27.03.2012 ൽ ധാരണപത്രത്തിൽ ഒപ്പ് വച്ചു. ഒരു കുട്ടിക്ക് ഡിപ്ലോമ കോഴ്സിന് നിശ്ചയിച്ചിട്ടുള്ള ഫീസ് 20,000/- രൂപയാണ്.

ടി പരിശീലന പരിപാടിയുടെ ഗുണഭോക്താക്കളെ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭകൾ നിശ്ചയിച്ചു നൽകുന്നതിനു പകരം, ഗുണഭോക്താക്കൾ നേരിട്ട് ബ്ലോക്ക് പഞ്ചായത്തിലേക്ക് അപേക്ഷ നൽകുകയും അങ്ങനെ തയ്യാറാക്കിയ ലിസ്റ്റ് പ്രകാരമുള്ള 14 വിദ്യാർത്ഥിനികൾക്ക് 22.08.2012ൽ ട്രയിനിംഗ് കോഴ്സ് പൂർത്തിയാക്കിയതായി ഓഫ് ക്യാമ്പസ് ഡയറക്ടർ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതായി കാണുന്നു. ഗുണഭോക്താക്കളെ ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് നിശ്ചയിച്ചിട്ടുള്ളത് ക്രമവിരുദ്ധമാണ്. തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ അതാത് ഗ്രാമസഭകളെ കൊണ്ട് അംഗീകരിപ്പിച്ച് സാധൂകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ടി സ്ഥാപനവുമായുള്ള എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ കോഴ്സ് ഫീസ് അഡ്വാൻസായി വികസന ഫണ്ടിൽ നിന്ന് 1,00,000/- രൂപ ഓഫ് ക്യാമ്പസ് ഡയറക്ടർക്ക് 30.03.2012 ൽ നൽകിയിട്ടുണ്ട്. (ബിൽ നം.29/SCP 11-12/30.03.2012). 14 പേർക്കുള്ള പരിശീലന കോഴ്സ് പൂർത്തീകരിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കോഴ്സ് ഫീസ് ബാലൻസ് തുകയായ 1,80,000/- രൂപ 2012-13 വർഷം സ്പിൽ ഓവർ പ്രോജക്ടിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിനൽകിയിട്ടുണ്ട്.

| ഡി ഡി നം./തീയതി | ബിൽ നം./ തീയതി | തുക |
|---|---|---|
| 272195/22.11.2012 | 2/12-1314.11.12) | 1,00,000/(വികസന ഫണ്ട്) |
| 272190/21.11.2012 | | 80,000/- രൂപ ജനറൽ പർപ്പസ് ഗ്രാന്റ്) |

പരിശീലനം പൂർത്തിയാക്കിയ 14 പേരുടെ പരീക്ഷ സി ഡിറ്റ് നേരിട്ട് നടത്തുന്നതാണെന്നും ആ വിവരം ഗുണഭോക്താക്കളെ അറിയിച്ചിട്ടുള്ളതാണെന്നും ഓഫ് ക്യാമ്പസ് ഡയറക്ടർ 22.08.2012ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഗുണഭോക്താക്കളായ പരിശീലനാർത്ഥികൾ എല്ലാവരും പരീക്ഷ എഴുതിയിട്ടുണ്ടോ എന്നും ഡിപ്ലോമ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോയെന്നും ബ്ലോക്ക് പഞ്ചായത്ത് അന്വേഷിച്ചിട്ടുള്ളതായി രേഖയില്ല. സർട്ടിഫിക്കറ്റിന്റെ കോപ്പി വാങ്ങി സൂക്ഷിച്ചിട്ടുമില്ല. ഡിപ്ലോമ കോഴ്സ് പരിശീലനം ലഭിച്ച വിദ്യാർത്ഥിനികൾക്ക് വേതനതൊഴിൽ ലഭിച്ചിട്ടുണ്ടോ എന്ന് ബ്ലോക്ക് പഞ്ചായത്ത് ഉറപ്പ് വരുത്തിയിട്ടുമില്ല.

ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ 9 പേർ മാത്രമാണ് പരീക്ഷയെഴുതിയിട്ടുള്ളതെന്ന് പരിശീലനാർത്ഥികളുടേതായി രേഖപ്പെടുത്തിയ ഫോൺ നമ്പരിൽ ബന്ധപ്പെട്ടപ്പോൾ അറിയാൻ കഴിഞ്ഞു. ഒരാൾ ഇലന്തൂർ അക്ഷയ സെന്ററിൽ ഇപ്പോൾ ജോലി ചെയ്തു വരുന്നു.

കോഴ്സ് നടത്തിയ സ്ഥാപനത്തിനോ ബ്ലോക്ക് പഞ്ചായത്തിനോ പരിശീലനം ലഭിച്ചിട്ടുള്ളവർക്ക് തൊഴിൽ ഉറപ്പു വരുത്തുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ടി പ്രോജക്ട് വിജയകരമായി എന്നറിയാൻ കഴിഞ്ഞിട്ടില്ല.

LOCAL FUND AUDIT DEPARTMENT

## 19. പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ കോഴ്സ് സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനം

ജി.ഒ(എം.എസ്) 183/2007 തസ്വഭവ തീയതി 24.02.2007 ലെ ഉത്തരവ് പ്രകാരം പതിനൊന്നാം പദ്ധതിയ്ക്കായി പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയനുസരിച്ച് തൊഴിൽ പരിശീലനം നടപ്പാക്കേണ്ടത് സ്വയം തൊഴിൽ സംരംഭത്തിന്റെ ഭാഗമായോ വേതന തൊഴിൽ ഉറപ്പുവരുത്തുന്ന മേഖലയിൽ ദാരദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കായി പരിമിതപ്പെടുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ലംഘിച്ചുകൊണ്ടാണ് താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പാക്കിയത്.

| പ്രോജക്ടിന്റെ പേര് | നടപ്പാക്കിയ വർഷം | ചെലവഴിച്ച തുക | മാർഗ്ഗരേഖലംഘനത്തിന്റെ സംക്ഷിപ്തം |
|---|---|---|---|
| പട്ടികജാതി വിദ്യാർത്ഥികൾക്ക് ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ കോഴ്സ് 144/11-12 എസ് 67/12-13 | 2011-12 & 2012-13 | 704490 | പട്ടികജാതി വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കുന്ന ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ കോഴ്സ് - വാർഷിക പദ്ധതിയിലുൾപ്പെടുത്തി പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫീസ് ധനസഹായം നൽകി. പതിനൊന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ലാത്ത പ്രസ്തുത കോഴ്സിനു ധനസഹായം നൽകുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയില്ല. |

LOCAL FUND AUDIT DEPARTMENT

സബ്സിഡി മാർഗ്ഗരേഖ ലംഘിച്ചുകൊണ്ട് ഏറ്റെടുത്ത ടി പ്രോജക്ട് 2011-12 & 2012-13 വർഷങ്ങളിൽ നടപ്പാക്കിയതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും നടപടിയുണ്ടായിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ കോഴ്സ് നൽകുന്നതിനായി 2011-12 സാമ്പത്തിക വർഷം തനത് ഫണ്ട് 220874/-രൂപയും വികസന ഫണ്ട് 575506/- രൂപയുമുൾപ്പെടെ 796380/- രൂപ വകയിരുത്തി. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രത്യേക ഘടക പദ്ധതിയിൽ ഒരു പ്രോജക്ട് ആവിഷ്കരിച്ച് ( എസ് 144/11-12) ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ 2012-13 വർഷം സ്പിൽ ഓവർ പ്രോജക്ടായി നടപ്പാക്കി. (67/12-13). പതിനൊന്നാം പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ലാത്ത പ്രസ്തുത കോഴ്സിന് പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തി രണ്ടു വർഷങ്ങളിലായി 704490/- രൂപ ചെലവഴിച്ചത് മാർഗ്ഗരേഖയുടെ ലംഘനമാണ്.

ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത ടി പ്രോജക്ട് പ്രകാരം സ്റ്റാർ ഹോട്ടലിലുള്ള ഒരു വർഷത്തെ പരിശീലനം ഉൾപ്പെടെ 2 വർഷ ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ കോഴ്സാണ്. വാർഷിക പദ്ധതിയിൽ ഇത്തരത്തിൽ ഡിപ്ലോമ കോഴ്സ് ഏറ്റെടുത്ത് നടപ്പാക്കു

ന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നിർദ്ദേശാനുസരണം പ്രസ്തുത വകുപ്പിന് പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ഹോട്ടൽ മാനേജ്മെന്റിന്റെ/ഫാഷൻ ഡിസൈനിംഗ് ഡിപ്ലോമ കോഴ്സ് ഏറ്റെടുത്ത് തൊഴിൽ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തുള്ള കേരള ലേബർ ആന്റ് എംപ്ലോയ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്(കിലെ) മുഖേന നടപ്പാക്കുന്നതിന് ജി ഒ (ആർ റ്റി) 946/2010/എസ് സി ഡി ഒ തീ.3.9.2010-ാം നമ്പർ ഉത്തരവ് പ്രകാരം 564900/- രൂപ ഫീസിനത്തിൽ ചെലവഴിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ മറവിൽ പട്ടികജാതി വികസന വകുപ്പിന് അനുമതി നൽകിയിട്ടുള്ള ടി കോഴ്സ് ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി. 26 പട്ടികജാതി ആൺകുട്ടികൾക്ക് ഹോട്ടൽമാനേജ്മെന്റ് ഡിപ്ലോമ കോഴ്സ് ടി സ്ഥാപനം മുഖേന നടപ്പാക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

ടി സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ 28.09.2011ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ കത്തിൽ ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ കോഴ്സ് പഠിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നുമുള്ള കുട്ടികളെ "ഷാരോൺ അക്കാഡമി ഫോർ മാനേജ്മെന്റ് സ്റ്റഡീസ് " എന്ന പത്തനംതിട്ടയിലെ കിലെ IITM പ്രോജക്ട് സെന്ററിലേക്ക് അയയ്ക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കോഴ്സ് നടത്തുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കിലെ എക്സിക്യൂട്ടീവ് ഡയറക്ടറും തമ്മിൽ ഒപ്പിട്ട ധാരണാപത്രത്തിൽ പ്രസ്തുത കോഴ്സിന്റെ സ്റ്റഡി സെന്റർ അടൂർ ഡയോസസ് കോച്ചിംഗ് അക്കാഡമിയാണെന്ന് പറഞ്ഞിട്ടുണ്ട്. സ്റ്റഡി സെന്റർ സെന്റർ മാറ്റിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. അടൂരിൽ ഇങ്ങനെയൊരു സ്ഥാപനം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് പറഞ്ഞതനുസരിച്ച് ഓഡിറ്റ് അന്വേഷിച്ചപ്പോൾ അടൂർ കെ എസ് ആർ റ്റി സി സ്റ്റാൻഡിന് പുറകിലായി അടൂരിൽ സെന്റ് മേരീസ് സ്കൂളിന് സമീപം നാഷണൽ പ്രീ റിക്രൂട്ട്മെന്റ് ട്രയിനിംഗ് സെന്റർ മാത്രമാണ് കാണാൻ കഴിഞ്ഞത്. ടി കോഴ്സ് നടത്തുന്നതിന് മാത്രമായി ടി പേരിൽ ഒരു സ്ഥാപനം തട്ടിക്കൂട്ടിയതായി ഓഡിറ്റ് വിലയിരുത്തുന്നു. എഗ്രിമെന്റ് അനുസരിച്ച് ഒരു കുട്ടിയുടെ ഫീസ് 30630/- രൂപയാണ്. 23 കുട്ടികൾക്ക് കോച്ചിംഗ് നടത്തിയതിന് ടി സ്ഥാപനത്തിന് ബ്ലോക്ക് പഞ്ചായത്ത് 796380/- രൂപ മൂന്ന് ഗഡുക്കളായി നൽകി.

| ബിൽ നം./ചെക്ക് നം./തീയതി | തുക |
|---|---|
| 26/എസ് സി പി/11-12/28.03.2012 | 398190/-(വികസന ഫണ്ട്) |
| 08/12-13/15.02.2013 | 177316/-( -ടി-) |
| ഡി ഡി നം. 725176/30.03.2013 | 128984(ജനറൽ പർപ്പസ് ഗ്രാന്റ്) |
| ആകെ | 796380 |

2012 മെയ് മുതൽ ഒരു വർഷമാണ് കോഴ്സ് നടത്തിയിട്ടുള്ളത്. അതിനുശേഷം കുട്ടികളെ വിവിധ സ്റ്റാർ ഹോട്ടലുകളിൽ പരിശീലനത്തിന് വിട്ടിരിക്കുകയാണെന്നാണ് കോഴ്സ് കോർഡിനേറ്ററുടെ ഫോണിൽ ബന്ധപ്പെട്ടപ്പോൾ അറിയിച്ചത്. ടി കോഴ്സിന്റെ നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ലാത്ത ഡിപ്ലോമ കോഴ്സ് ഫീസ് ധനസഹായം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചു.
2. കോഴ്സിനുള്ള ഗുണഭോക്താക്കളായ പട്ടികജാതി വിദ്യാർത്ഥികളെ വിവിധ ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭകൾ തെരഞ്ഞെടുക്കുന്നതിന് പകരം ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് അപേക്ഷ ക്ഷണിച്ച് കണ്ടെത്തി.
3. തെരഞ്ഞെടുത്ത 23 പട്ടികജാതി വിദ്യാർത്ഥികളുടെ ഗുണഭോക്തൃ ലിസ്റ്റ് വിവിധ ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല. ഗ്രാമസഭയിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്..

LOCAL FUND AUDIT DEPARTMENT

4. കിലെയുടെ സ്റ്റഡിസെന്ററായ ഡയോ സസ് കോച്ചിംഗ് അക്കാഡമി ഇപ്പോൾ അടൂരിലെ കെ എസ് ആർ റ്റി സി സ്റ്റാന്റിന് പുറകിൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പകരം ഒരു നാഷണൽ പ്രീ റിക്രൂട്ട്മെന്റ് ട്രയിനിംഗ് സെന്റർ മാത്രമാണ് കാണാൻ കഴി ഞ്ഞത്.
5. 2013 മാർച്ച് മാസം കുട്ടികൾക്ക് ഫൈനൽ പരീക്ഷ നടന്നുവെന്ന് കിലെ ഡയറക്ടർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 11.03.2013ൽ അറിയിച്ചിരുന്നു. ഫൈനൽ പരീക്ഷയിൽ എത്ര കുട്ടികൾ വിജയിച്ചുവെന്നും വിജയിച്ചവർക്ക് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോ യെന്നും അറിയുന്നതിന് സർട്ടിഫിക്കറ്റ് പകർപ്പ് ഹാജരാക്കിയിട്ടില്ല.
6. കോഴ്സ് കഴിഞ്ഞ വിദ്യാർത്ഥികളെ ഏതൊക്കെ ഹോട്ടലിലാണ് പരിശീലനത്തിനായി അയ്ക്കുന്നതെന്ന് ബ്ലോക്ക് പഞ്ചായത്തിനെ അറിയിച്ചിട്ടില്ല.
7. ബ്ലോക്ക് പഞ്ചായത്തിലെ ജോയിന്റ് ബി ഡി ഒ 4.1.2013 ൽ പ്രസ്തുത സെന്റർ സന്ദർശിച്ചതായി ഫയൽ നോട്ടിൽ കാണുന്നു. എന്നാൽ തുടർന്ന് ഫലപ്രദമായ മോണിറ്ററിംഗ് നടത്തുന്നില്ല.
8. ട്രയിനിംഗ് കഴിയുന്ന മുറയ്ക്ക് ധാരണാപത്രത്തിൽ പറയുന്ന പ്രകാരം തൊഴിൽ ഉറപ്പു വരുത്തിയിട്ടുണ്ടോ എന്ന് അറിയുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

കോഴ്സിൽ പങ്കെടുത്ത ഏതാനും വിദ്യാർത്ഥികളുടെ ഫോണിൽ (ഫയലിൽ പറഞ്ഞിട്ടുള ളത്) ബന്ധപ്പെട്ടപ്പോൾ 17കുട്ടികൾ എറണാകുളത്തുള്ള രണ്ട് സ്റ്റാർ ഹോട്ടലിലും 6 കുട്ടികൾ അടൂരിലെ സ്റ്റാർ ഹോട്ടലിലും പരിശീലനത്തിലാണെന്നും പരിശീലനം കഴിയാറായെന്നും അറിയാൻ കഴിഞ്ഞു. കോഴ്സിൽ ഉണ്ടായിരുന്ന 8 പെൺകുട്ടികൾക്ക് എറണാകുളത്തുള്ള ഹോട്ടലിലായിരുന്നു പരിശീലനം. രണ്ട് മാസം കഴിഞ്ഞപ്പോൾ പ്രസ്തുത കുട്ടികൾ പ്രത്യേക കാരണങ്ങളാൽ തിരികെ പോന്നുവെന്നും ഒരു പെൺകുട്ടി മാത്രം ഇപ്പോൾ അടൂരിലെ സ്റ്റാർ ഹോട്ടലിൽ പരലശീലനത്തിലുമാണെന്ന് നേരിട്ട് വിളിച്ചപ്പോൾ അറിയാൻ കഴിഞ്ഞു.

കോഴ്സിൽ പങ്കെടുത്ത കുട്ടികൾക്ക് ഗുണമേന്മയുള്ള പരിശീലനം ലഭിച്ചിട്ടുണ്ടോയെന്നും എല്ലാ കുട്ടികൾക്കും തൊഴിൽ ഉറപ്പുവരുത്തിയിട്ടുണ്ടോയെന്നും ബ്ലോക്ക് പഞ്ചായത്ത് മോണി റ്ററിംഗ് നടത്തേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

## 20. യുവതികൾക്ക് കമ്പ്യൂട്ടർ പരിശീലനം

2006-07 ലെ വാർഷിക പദ്ധതിയിൽ 381000/- രൂപ വികസനഫ് ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച ഒരു പ്രോജക്ടാണ് "ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള എസ് എസ് എൽ സി പാസ്സായ ദാരയദ്ര്യരേഖയ്ക്ക് താഴെയുള്ള യുവതികൾക്ക് കമ്പ്യൂട്ടർ പരിശീലനം പദ്ധതി". 170 പെൺകുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനത്തിന് ഒരാൾക്ക് ഒരുമാസം 5000/- രൂപ ക്രമത്തിൽ മൂന്ന് മാസത്തെ ഫീസ് പരിശീ ലന സ്ഥാപനത്തിന് നൽകുന്നതിനും ഒരു കുട്ടിക്ക് ഒരു മാസം 250/- രൂപ ക്രമത്തിൽ മൂന്ന് മാസത്തേക്ക് സ്റ്റൈപന്റ് നൽകുന്നതിനുമാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്.

ടി കമ്പ്യൂട്ടർ പരിശീലനത്തിനായി 100 പെൺകുട്ടികളെ തെരഞ്ഞെടുത്തിട്ടുള്ളത് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭകൾ അംഗീ കരിച്ചിട്ടുള്ളതാണോ എന്നതിന് രേഖയില്ല. കമ്പൂട്ടർ പരിശീലനം നടപ്പാക്കുന്നതിനായി ക്വട്ടേ ഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ മൂന്ന് ക്വട്ടേഷൻ ലഭിക്കുകയും ഒരു കുട്ടിക്ക് ഒരു മാസത്തേക്ക് 450/- രൂപ ക്രമത്തിലുള്ള നിരക്ക് ക്വോട്ട് ചെയ്ത പത്തനംതിട്ട എം സി എം കമ്മ്യൂണിക്കേഷൻ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പ്രസ്തുത സ്ഥാപനവുമായി കരാറിലേർപ്പെട്ടു.

100 വിദ്യാർത്ഥിനികൾക്ക് കമ്പ്യൂട്ടർ പരിശീലനം നടത്തിയതിന്റെ ആറുമാസത്തെ ഫീസ് ഇനത്തിൽ 45000/- രൂപ ടി സ്ഥാപനത്തിന് നൽകുന്നതിനും 25000/- രൂപ സ്റ്റൈപന്റ് വിതരണം ചെയ്യുന്നതിനുമായി ബിൽ നം.97/06-07/29.03.07 പ്രകാരം 70000/- രൂപ 2006-07 ൽ ചെലവഴിച്ചിട്ടു്.

150000/- രൂപ വികസനഫ് വകയിരുത്തി 2007-08 ൽ എസ് 005/07-08 ലെ നമ്പരായി ഒരു പ്രോജക്ട് ആവിഷ്കരിച്ച് സ്പിൽ ഓവറായി അംഗീകാരം വാങ്ങി. മൂന്ന് മാസത്തെ പരിശീലനം പൂർത്തിയാക്കിയതിന് ടി സ്ഥാപനത്തിന് ബാക്കി നൽകാനുള്ള ് മാസത്തെ ഫീസിനത്തിൽ 90000/- രൂപയും സ്റ്റൈപന്റ് വിതരണം ചെയ്യുന്നതിനായി 50000/- രൂപയുമുൾപ്പെടെ 140000/- രൂപ തൻവർഷം ബിൽ നം. 9/07-08/28.01.2008 പ്രകാരം ചെലവഴിച്ചിട്ടു്.

പരിശീലനം പൂർത്തീകരിച്ചവർക്ക് കോഴ്സ് സർട്ടിഫിക്കറ്റ് വിതരണം ചെയ്തതായി രേഖയില്ല. പദ്ധതി ലക്ഷ്യമാക്കിയ തരത്തിൽ സ്വയം തൊഴിൽ ചെയ്യാൻ സജ്ജരാക്കിയ ടി 100 യുവതികൾ കമ്പ്യൂട്ടർ രംഗത്ത് സ്വയംതൊഴിലിൽ ഏർപ്പെട്ടതായോ വേതന തൊഴിൽ തരപ്പെടുത്തിയതായോ ബ്ലോക്ക് പഞ്ചായത്ത് തുടർ നിരീക്ഷണം നടത്തിയിട്ടില്ല. സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി ഡി.ടി.പി. സെന്റർ നടത്തുന്നതിന് ധന സഹായം തരുന്നതിനായി സ്വന്തം നിലയിലോ ഗ്രാമപഞ്ചായത്ത് മുഖേനയോ തുടർ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ടി പരിശീലന പരിപാടി വിജയം കൈവരിച്ചതായി ഓഡിറ്റിന് അഭിപ്രായമില്ല.

LOCAL FUND AUDIT DEPARTMENT

## 21. ഓഡിറ്റ് നിഗമനങ്ങൾ

1. ചെറുകിട-പരമ്പരാഗത വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനും വികസനത്തിനു മായി കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കും വിധമുള്ള ചുമതലകൾ നിര വ്വഹിക്കാൻ തദ്ദേശ ഭരണ സ്ഥാപനത്തിനു കഴിഞ്ഞിട്ടില്ല.

2. ചെറുകിട-പരമ്പരാഗത വ്യവസായങ്ങൾ, തൊഴിൽ സംരംഭങ്ങൾ എന്നിവ സംബന്ധിച്ച വിവര ശേഖരണമോ സാധ്യതാപഠനമോ തദ്ദേശ ഭരണ സ്ഥാപനം നടത്തിയിട്ടില്ല.

3. വ്യക്തമായ സാധ്യത പഠനം നടത്താതെ പദ്ധതികൾ നടത്തുന്നതുമൂലം പൊതുപണം പാഴാകുന്നു. (ഉദാ: ചെറുകോൽ മാർക്കറ്റ് വിപണനകേന്ദ്രം)

4. ചെറുകിട വ്യവസായസംരംഭങ്ങൾക്കും തൊഴിൽ സംരംഭങ്ങൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന മിനി-ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപി ക്കുന്നതിൽ തദ്ദേശ ഭരണ സ്ഥാപനം മുൻകൈ എടുക്കുന്നില്ല.

5. സ്വയം സഹായ സംഘങ്ങൾ ദേശീയ തൊഴിലുറപ്പ് പദ്ധതി വ്യാപകമായതുമുതൽ നിർജ്ജീവമായി.

6. നിലവിലുള്ള സ്വയംസഹായ സംഘങ്ങളിൽ ഭൂരിഭാഗവും പ്രവർത്തിക്കുന്നില്ല.

7. തൊഴിൽ പരിശീലനം പരമ്പരാഗത വ്യവസായ മേഖലയിൽ നൽകുന്നില്ല.

8. പ്രധാനമായും ഡ്രൈവിംഗ് പരിശീലനത്തിനു മാത്രമായി തൊഴിൽ പരിശീലനം ഒതു ങ്ങുന്നു.

9. പരിശീലനം ലഭിച്ചവർ തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു തന്ന് ഉറപ്പുവരുത്തേണ്ട മോണിറ്ററിംഗ് സംവിധാനം നിലവിലില്ല. (ഉദാ: 2011-12 ൽ എസ് സി പെൺകുട്ടി കൾക്കായി നടത്തിയ വെബ് ഡിസൈനിംഗ് പരിശീലനം.)

10. തൊഴിൽ പരിശീലന പരിപാടികൾ നടപ്പാക്കിയതിൽ സബ്സിഡി മാർഗ്ഗരേഖകളുടെ ലംഘനം നടന്നിട്ടുണ്ട്.(ഉദാ: 2011-12, 12-13 ൽ എസ് സി വിദ്യാർത്ഥികൾക്കായി നട ത്തിയ സൗജന്യ ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ കോഴ്സ്)

11. സ്വയം സഹായ സംഘങ്ങൾ വൈവിധ്യമാർന്ന മേഖലകളിൽ പ്രവർത്തിക്കുന്നില്ല. ഭൂരിഭാഗവും ഒരേ തൊഴിൽ പ്രവർത്തനമേഖലയിലായതിനാൽ വിപണന സാധ്യതകൾ അടയുന്നു. ഉദാ: പലചരക്ക് വ്യാപരം, ലോഷൻ, സോപ്പുപൊടി നിർമ്മാണം എന്നീ മേഖലയിലാണ് ഭൂരിഭാഗം സ്വയംസഹായ സംഘങ്ങളും.

12. സ്വയം സഹായ സംഘങ്ങൾ ബാങ്കിൽ നിന്നു എടുക്കുന്ന വായ്പകൾ തിരിച്ചടയ്ക്കു ന്നുണ്ടെങ്കിലും തൊഴിൽ യൂണിറ്റുകളിൽ ഈ തുക മുടക്കുന്നില്ല. ഭൂരിഭാഗം സ്വയം സഹായ സംഘങ്ങളിലും വെറും 5000/- രൂപയിൽ താഴെയുള്ള ക്രയവിക്രയങ്ങൾ മാത്രമാണ് നടക്കുന്നത്. വൻതോതിൽ സബ്സിഡി തുക ഇപ്രകാരം നഷ്ടമാകുന്നു.

13. ചെറുകിട വ്യവസായ-സ്വയംതൊഴിൽ മേഖലയ്ക്ക് ഉല്പാദന-സേവന മേഖലയിൽ വളരെ കുറഞ്ഞ തുക മാത്രമാണ് പദ്ധതിയിൽ വകയിരുത്തുന്നത്.

LOCAL FUND AUDIT DEPARTMENT

## 22. ഓഡിറ്റ് നിർദ്ദേശങ്ങൾ/അഭിപ്രായങ്ങൾ

1. കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ് 4-ാം ഉപവകുപ്പ് 4-ാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വരുന്ന ചെറുകിട വ്യവസായ മേഖലയിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ, എസ് എസ് ഐ യൂണിറ്റുകൾ, സ്വയം തൊഴിൽ പദ്ധതികൾ എന്നിവ ഫലപ്രദമായി നടപ്പാക്കുക.

2. ചെറുകിട-പരമ്പരാഗത വ്യവസായങ്ങൾ, തൊഴിൽ സംരംഭങ്ങൾ എന്നിവ സംബന്ധിച്ച വിവരശേഖരണവും സാധ്യതാ പഠനവും നടത്തുക.

3. കൃത്യമായ ഫീസിബിലിറ്റി സ്റ്റഡി നടത്താതെ ചെറുകോൽ വിപണനകേന്ദ്രം പോലുള്ള പദ്ധതികൾ നടപ്പാക്കി പൊതുപണം പാഴാക്കരുത്.

4. വൈവിധ്യമാർന്ന മേഖലയിൽ സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുവാൻ തദ്ദേശ ഭരണ സ്ഥാപനം നടപടി സ്വീകരിക്കേണ്ടതാണ്.

5. മെച്ചപ്പെട്ട പ്രവർത്തനം നടത്താത്ത എസ് എച്ച് ജി കൾക്ക് റിവോൾവിംഗ് ഫണ്ട്, സബ്സിഡി എന്നിവ നൽകേണ്ടതില്ല.

6. പരമ്പരാഗത വ്യവസായ മേഖലയിൽ സ്വയംതൊഴിൽ പരിശീലന പരിപാടികൾ ആവിഷ്കരിക്കുക.

7. നിർമ്മാണം പൂർത്തിയാകുന്ന എസ് ജി എസ് വൈ ട്രയിനിംഗ് സെന്ററിൽ ഇതുമായി ബന്ധപ്പെട്ട പരിശീലന പരിപാടിയിൽ നടത്തേണ്ടതാണ്.

8. റബർ ബോർഡുമായി ബന്ധപ്പെട്ട് റബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് പരിശീലനം, പഴ സംസ്കരണം, ഭക്ഷ്യ സംസ്ക്കരണം, ഖാദി ഉൽപന്നങ്ങൾ തുടങ്ങിയ വൈവിധ്യമാർന്ന മേഖലയിൽ ചെറു യൂണിറ്റുകൾ തുടങ്ങാൻ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

ഡെപ്യൂട്ടി ഡയറക്ടർ
ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട



LOCAL FUND AUDIT DEPARTMENT

2013

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട